# TRICHUR ARCHDIOCESAN BULLETIN

സെപ്റ്റംബർ 2026 | വാല്യം: 93 | ലക്കം: 09



ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ, എന്റെ വചനങ്ങൾ കടന്നുപോവുകയില്ല. (മത്താ 24, 35)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

# ആദരാഞ്ജലികൾ



## റവ. ഫാ. ലോറൻസ് ഒലക്കേങ്കിൽ

| | | |
|---|---|---|
| ജനനം | : | 27.04.1942 |
| പൗരോഹിത്യം | : | 20.12.1969 |
| മരണം | : | 17.08.2026 |

Trichur Archdiocesan Bulletin TAB

ESTD:1934

**സെപ്റ്റംബർ 2026**

ലക്കം: 09 | വാല്യം: 93

09



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325, 2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


## ഉള്ളടക്കം


| | |
|---|---|
| കച്ചേരിക്കാര്യം | 04 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 09 |
| സഹായമെത്രാന്റെ പരിപാടികൾ | 10 |
| നാളാഗമം | 12 |
| നാമകരണ നടപടികൾ | 18 |
| സാമ്പത്തിക കാര്യാലയം | 22 |
| വൈദികർ | 26 |
| സന്യസ്തർ | 28 |
| വിശ്വാസ പരിശീലനം | 35 |
| സ്ഥാപനങ്ങൾ | 43 |
| സംഘടനകൾ | 45 |




# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

## സെപ്തംബർ 1

1 : എട്ടു നോമ്പാരംഭം

4 : ആദ്യവെള്ളി

5 : കൊൽക്കൊത്തയിലെ വി. തെരേസ

6 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ രണ്ടാം ഞായർ

8 : പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

13 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ മൂന്നാം ഞായർ
വി. ജോൺ ക്രിസോസ്തോം

14 : വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

17 : മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ചരമം

20 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ നാലാം ഞായർ

21 : വി. മത്തായി ശ്ലീഹാ

27 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ അഞ്ചാം ഞായർ
വി. വിൻസെന്റ് ഡി പോൾ

29 : പ്രധാന മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ,
റപ്പായേൽ

30 : വി. ജെറോം

**2. സെപ്തംബർ മാസത്തെ പരിപാടികൾ**

10 : ആലോചനസമിതി യോഗം (10:30 am)
സാമ്പത്തികസമിതി യോഗം (07:00 pm)

12 : പാസ്റ്ററൽ കൗൺസിൽ യോഗം (10:00 am)
സംഘടന ഏകോപനസമിതി യോഗം (02:30 pm)

13-18 : വാർഷിക ധ്യാനം ബാച്ച് 2 (ജറുസലെം)

18 : അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനു
വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന ശുശ്രൂഷയും
വി കുർബാനയും തൃശൂർ ലൂർദ് കത്തീഡ്രൽ

26 : സന്യസ്ത-സമർപ്പിത-വൈദിക സമിതി സംയുക്ത യോഗം (10:00 am)

27 : ലോഗോസ് ക്വിസ് (02:300 pm)

27-ഒക്ടോ.02 : വാർഷിക ധ്യാനം ബാച്ച് 3 (മേരിമാത)

**3. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ചരമദിനം:**

സെപ്തംബർ 17ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ചരമദിനം ആണല്ലോ. അന്നേദിവസം അഭിവന്ദ്യപിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

അതിരൂപതയിൽ പിതാവിനുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന ശുശ്രൂഷയും വി കുർബാനയും സെപ്റ്റംബർ 18 രാവിലെ 11 മണിക്ക് തൃശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തപ്പെടുന്നതായിരിക്കും

**4. പാസ്റ്ററൽ കൗൺസിൽ യോഗം:**

അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം 2026 സെപ്തംബർ 12ന് രാവിലെ 10 മണി മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെടുന്നു. അംഗങ്ങൾ പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**6. പുതിയ നമ്പർ:**

സരിതപുരം പള്ളി - 6282857827

**7. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2026 ഡിസംബർ 12-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2025 ജൂൺ 1 മുതൽ 2026 സെപ്തംബർ 30 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ

15-11-2026 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധി കാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരെ അതിരൂപതയിൽ നിന്നും അറിയിക്കുന്നതാണ്.

***1. വിദ്യാഭ്യാസരംഗം***

**2025-26 അധ്യയനവർഷത്തിൽ**

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/ PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേ ടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

***2. കായികം***

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി

സാക്ഷ്യപ്പെടുത്തിയിരിക്കണം.

**സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.**

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3. കലാസാഹിത്യ രംഗം***

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ

(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***4. മറ്റു രംഗങ്ങൾ***

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതി യുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

NB:

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.

2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ

അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായി ത്തന്നെ പരിഗണിക്കപ്പെടുന്നു.

3. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള സർവ്വീസ് അവാർഡുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതിനാൽ അവർ അപേക്ഷിക്കേണ്ടതില്ല.

4. അവാർഡിന് പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകൾ വിലയിരുത്തി സമ്മാനാർഹരെ നിശ്ചയിക്കുന്നത് അതിരൂപത കാര്യാലയത്തിന്റെ തീരുമാനപ്രകാരമാണ്.

**8. വാർഷിക തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2026 ആഗസ്റ്റ് 3-ാം തീയതി മുതൽ ആരംഭിച്ചു. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവ രാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. അതിൻപ്രകാരം കൃത്യസമ യത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്; ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല.

**9. വൈദികരുടെ വാർഷികധ്യാനം :**

സെപ്തംബർ 13-18 : രണ്ടാം ബാച്ച് (ജറുസലെം ധ്യാനകേന്ദ്രം)
ധ്യാനഗുരു ഫാ ജോ പാച്ചേരി CMI

സെപ്തംബർ 27-ഒക്ടോബർ 2 : മൂന്നാം ബാച്ച്
(മേരിമാത സെമിനാരി)

ധ്യാനഗുരു: മാർ അലക്സ് താരാമംഗലം
(മാനന്തവാടി രൂപത സഹായമെത്രാൻ)

**10. വൈദികനിയമനം:**

1. ഫാ. ജിബിൻ താഴേക്കാടൻ - ഡയറക്ടർ, മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി കൂടി; സാധുത 2026 ജൂലൈ 15 മുതൽ.
2. ജിസ്സോ കുറ്റിക്കാട്ട് - To help the Postulator & External Collaborator, ഫാ. ആന്റണി തച്ചുപറമ്പിൽ നാമകരണ നടപടികൾ, ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി ഒഴിവായി; സാധുത 2026 ജൂലൈ 17 മുതൽ.
3. ഫാ. തോമസ് ചക്കുംപീടിക - അധ്യാപകൻ, മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി കൂടി; സാധുത 2026 ജൂലൈ 16 മുതൽ.

4. ഫാ. സിബി ചെറുതൊട്ടിൽ - ഡയറക്ടർ, മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ഒഴിവായി; സാധുത 2026 ജൂലൈ 15 മുതൽ.

5. ഫാ. റിന്റോ പയ്യപ്പിള്ളി - സഹായി ചിയ്യാരം വിജയമാത ഒഴിവായി; സാധുത 2026 ജൂലൈ 30 മുതൽ.

6. ഡീ. ആൻജോ തോമസ് ആലപ്പാട്ട് - ഡീക്കൻ മിനിസ്ട്രി ഒളരിക്കര; സാധുത 2026 സെപ്തംബർ 5 മുതൽ ഡിസംബർ 05 വരെ.

7. ഡീ. ജോസഫ് ഞെരിഞ്ഞാംപിള്ളി- ഡീക്കൻ മിനിസ്ട്രി തലോർ; സാധുത 2026 ജൂലൈ 29 മുതൽ നവംബർ 15 വരെ.

മാർ ടോണി നീലങ്കാവിൽ
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

ധനികനായ യുവാവ്
**എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും**
**(മത്താ. 19, 29)**

# ENGAGEMENTS

**SEPTEMBER 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Tue | Morning | Holy Mass @ CMC Convent, Mundupalam |
| 3 | Thu | Morning | Holy Mass @ Marymatha |
| 5 | Sat | Whole Day | Holy Mass @ Rajakumari, Idukki |
| 6 | Sun | Morning | Holy Mass & House Blessing @ Vendore |
| | | Evening | Kalasadhan Programe @ DBCLC |
| 8 | Tue | Morning | Holy Mass @ Nehru Nagar |
| 9 | Wed | Evening | Trust Meeting of MI Hospital |
| 10 | Thu | Morning | Consultors Meeting |
| | | Evening | Finance Council |
| 11 | Fri | Evening | JMMC Trust Meeting |
| 12 | Sat | Morning | Pastoral Council |
| | | Afternoon | Co-Ordination Committee Meeting |
| | | Evening | Renovated Church Blessing @Nadathara |
| 13 | Sun | Morning | Catechism Teachers One Day Seminar Inauguration @ DBCLC |
| 14 | Mon | Morning | Holy Mass @CSM Provincial House |
| | | Evening | Marriage @ Lourdes Cathedral |
| 15 | Tue | Morning | Holy Mass @ Basilica |
| 17- 18 | Thu -Fri | | CBCI Standing Committee Meeting @ Bangalore |
| 19 | Sat | Morning | Jubilee Celebration @ Minor Seminary |
| | | Afternoon | Jubilee Celebration @ Family Apostolate |
| 20 | Sun | Morning | Cleft Lip Program @JMMC |

| | | | |
|---|---|---|---|
| | | Afternoon | Marriage @ Mundur |
| | | Afternoon | Renovated Church Blessing @ Kaveed |
| 21 | Mon | Morning | Marriage @ Ollur |
| | | Morning | Holy Mass @ SMC Cheroor |
| 25 | Fri | Evening | Chrisform Inauguration @ DBCLC |
| 26 | Sat | Morning | Engaged |
| | | Afternoon | Jubilee @ Pudukad |
| | | Evening | Buon Natale Organizing Committee Meeting |
| 27 | Sun | | Pastoral Visit @ Thalore |

# ENGAGEMENTS

## SEPTEMBER 2026

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1 | Tue | Morning | Diaconal Project Presentation @ Marymatha |
| 2 | Wed | Morning | 4th Child Baptism @ Ollur Forane |
| 3 | Thu | Morning | Holy Mass @ Pazhuvil Retreat Centre |
| 4 | Fri | Morning | Holy Mass @ Pre Cana Course |
| 5 | Sat | Morning | 4th Child Baptism @ Peramangalam |
| 6 | Sun | Morning | Teachers Seminar @ DBCLC |
| 7 | Mon | Evening | Holy Mass @ Karumathra |
| 8 | Tue | Evening | Holy Mass @ Kumarakam Nazrath Church |
| 9 | Wed | Evening | MI Hospital Trust Meeting |
| 10 | Thu | Morning | Holy Mass @ MMMS Consultrs Meeting |
| | | Evening | Finance Council |
| 11 | Fri | Evening | JMMC Trust Meeting |
| 12 | Sat | Morning | 4th Child Baptism @ Chevoor |

| | | | |
|---|---|---|---|
| | | | Pastoral Council Meeting |
| | | After Noon | Coordination Committee Meeting |
| 13 | Sun | | Pastoral Visit @ Chittilappilly |
| 16 | Wed | Morning | Holy Mass & Class @ SMMS |
| | | Evening | Trust Meeting @ STC |
| 17 | Thu | Morning | Holy Mass @ Tomb of Mar Thoomku zhy |
| 18 | Fri | Morning | Holy Mass @ Lourdes in remembrance of Mar Thoomkuzhy |
| | | Evening | Chrisform Inauguration @ DBCLC |
| 19 | Sat | Morning | Holy Communion @ Ponganamkad |
| | | | Jubilee Celebration of Mar Andrews @ SMMS |
| 20 | Sun | Evening | Principals' Conference Inauguration |
| | | | Youth Meet @ Aranattukara |
| 21-22 | Mon-Tue | | Ongoing Formation @ Kakkanad |
| 25 | Fri | Evening | JMMC Trust Meeting |
| 26 | Sat | Evening | Boun Natale Meeting |
| 27 | Sun | Morning | Holy Mass @ Thiroor |
| 30 | Wed | Morning | Ongoing Formation @ Kakkanad |
| | | | Mangalapuzha Deacons' Class |

**സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട്
ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ,
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുകയില്ല**
**(മത്തായി 18 : 3 )**



# നാളാഗമം

## ജൂലൈ 2026

**ജൂലൈ 2026**

1-16 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാനഡയിൽ മിസ്സിസാഗാ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികരെ സന്ദർശിച്ചു. അതിനു ശേഷം അമേരിക്കയിലെ ചിക്കാഗോ രൂപതയുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

1 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ വെച്ച് നടന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ അധ്യയന വർഷ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് ആറമ്പിള്ളി ASC കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിൽ വെച്ച് മാനേജ്മെന്റ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ ബസിലിക്കയിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി.

2. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശൂർ വിമല കോളേജിൽ വച്ച് നടന്ന ദീപിക ജില്ലാതല വിതരണ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് ഭരണങ്ങാനം എം എസ് ടി ജനറേറ്റിൽ വച്ച് നടന്ന ദുക്റാന തിരുനാൾ ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൗണ്ട് സെന്റ്

തോമസിൽ വച്ച് നടന്ന ദുക്റാന തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് പെരിങ്ങാട് ഇടവക ദേവാലയത്തിൽ ഊട്ടു തിരുനാളിനോട് അനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു.

4. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ ഉപകാരികളുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മണ്ണുത്തി ഡോൺ ബോസ്കോ ആശ്രമത്തിൽ ബഹുമാനപ്പെട്ട ജോയ് പുളിക്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. തുടർന്ന് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സുവർണ്ണ ജൂബിലി കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

5. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വലക്കാവ് ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഡി.ബി.സി.എൽ.സി യിൽ വെച്ച് നടന്ന വിശ്വാസ പരിശീലകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് ഫാമിലി അപ്പസതോലേറ്റ് സെന്ററിൽ വച്ച് നടന്ന കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് വേണ്ടി നടത്തിയ മെറിറ്റ് ഡേയിൽ പങ്കെടുത്തു. തുടർന്ന് ചേലക്കര ഫൊറോന ദേവാലയത്തിൽ വച്ച് നടന്ന ദൈവവിളി സെമിനാറിലും പ്രതിരോധ സദസ്സിലും പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് പടവരാട് ഇടവക ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

6. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി.ബി.സി.എൽ.സി യിൽ വെച്ച് നടന്ന കൊച്ചച്ചൻമാരുള്ള വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശൂർ അതിരൂപത വൈദികർക്കായി സംഘടിപ്പിച്ച തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. വൈകീട്ട് ഓൺലൈൻ ആയി നടന്ന പ്രൊവിൻഷ്യൽ അസംബ്ലി ഒരുക്ക മീറ്റിങ്ങിൽ പങ്കെടുത്തു.

7. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് തൃശൂർ അതിരൂപത വൈദികർക്കായി സംഘടിപ്പിച്ച തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

8. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ ഉർസുലൈൻ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടത്തറ ഇടവക ദേവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചതിരിഞ്ഞ് തൃശൂർ അതിരൂപത വൈദികർക്കായി സംഘടിപ്പിച്ച തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

9. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നടത്തറ

ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയതായി നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. വൈകീട്ട് ചൂണ്ടൽ സാന്തോം കോൺവെന്റിൽ വച്ച് ബഹുമാനപ്പെട്ട സിസ്റ്റർ മീറ സി.എം.സി യുടെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശൂർ അതിരൂപത വൈദികർക്കായി സംഘടിപ്പിച്ച തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവർക്കായി പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് ഡി ബി സി എൽ സി യിൽ വച്ച് പുതിയ വിശ്വാസ പരിശീലന അധ്യാപകർക്കായി നടത്തിയ കോഴ്സ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഓൺലൈനായി നടത്തിയ ലിറ്റർജി കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശൂർ നിർമലദാസി കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിലെ ഉപകാരികളുടെ സംഗമത്തിൽ പങ്കെടുത്തു. വൈകീട്ട് അതിരൂപത ആസ്ഥാനത്ത് നടന്ന കെസിവൈഎം പ്രതിഷേധ സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് പുതിയതായി ആരംഭിക്കുന്ന പറോക്ക് കോഴ്സിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുരുത്തി ചേങ്ങോട് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഡി ബി സി എൽ സി യിൽ നടന്ന വിശ്വാസ പരിശീലന അധ്യാപകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പോസ്തോലറ്റ് സെന്ററിൽ നടന്ന നവദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശൂർ ടൗൺഹാളിൽ തൃശൂർ അതിരൂപത നടത്തിയ പ്രതിരോധ സദസ്സിൽ പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

13. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ബിരുദ വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശൂർ അതിരൂപത വൈദികർക്കായി സംഘടിപ്പിച്ച തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

14. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ബിരുദ വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശൂർ

അതിരൂപത വൈദികർക്കായി സംഘടിപ്പിച്ച തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സിഎംസി പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ മംഗളങ്ങൾ നേരുകയും ചെയ്തു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ സിനഡൽ കമ്മീഷൻ വിസിറ്റ് നടത്തി.

16. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മംഗലപ്പുഴ സെമിനാരിയിൽ സിനഡൽ കമ്മീഷൻ വിസിറ്റ് നടത്തി.

17 അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. നിര്യാതനായ ഡോക്ടർ ഷൊർണൂർ കാർത്തികേയന് കേരള സാഹിത്യ അക്കാദമിയിൽ വച്ച് അന്തിമോപചാരം അർപ്പിച്ചു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ സെന്റ് തോമസ് കോളേജ് തോപ്പ് സ്റ്റേഡിയത്തിൽ അധ്യാപകർക്കും അനധ്യാപകർക്കും ആയി സംഘടിപ്പിച്ച ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഓൺലൈനായി നടന്ന ലിറ്റർജി കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.

18 അഭിവന്ദ്യ പിതാക്കന്മാർ രവിലെ ഡി.ബി.സി.എൽ.സിയിൽ നടത്തിയ അതിരൂപതാതല സന്യസ്ത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് അവർക്കു ആശംസകളും പ്രാർത്ഥനകളും നേർന്നു. ഉച്ചക്ക് ശേഷം വിദ്യാഭ്യാസ ആതുര സ്ഥാപനങ്ങളുടെ ഡയറക്റ്റർമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പറപ്പൂർ ഫൊറോന ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിനെ മാമോദിസ നൽകി. വൈകിട്ട് മണ്ണുത്തി സമരറ്റിൻ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ബഹുമാനപ്പെട്ട സിസ്റ്ററിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികനായി.

19 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അത്താണി ജോൺപോൾ പീസ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ഉപകാരികളുടെ സംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് പുതുക്കാട്, പുത്തൂർ ഫൊറോനകളിൽ നടന്ന ദൈവവിളി സെമിനാറുകളിൽ പങ്കെടുത്തു. വൈകിട്ട് ചിയ്യാരം സേവനാലയം നവീകരിച്ച ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

20–27 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജക്കാർത്തയിൽ വച്ച് നടത്തിയ എഫ് എ ബി സി യുടെ പ്ലീനറി അസ്സംബ്ലിയിൽ പങ്കെടുത്തു.

20. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ നടന്ന ദൈവാലയ ശുശ്രൂഷികളുടെ വാർഷിക ധ്യാനത്തിൽ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് അതിരൂപത ആസ്ഥാനത്തു നടന്ന സാമൂഹിക സ്ഥാപന ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് കുണ്ടന്നൂർ ഉർസുലൈൻ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

21. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാജ്കോട്ട് രൂപതയുടെ മുൻ അധ്യക്ഷൻ അഭിവന്ദ്യ മാർ ഗ്രിഗറി കരോട്ടംബ്രറയിൽ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് തൃശ്ശൂർ അതിരൂപതയുടെ അനുശോചനങ്ങൾ അറിയിച്ചു.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഫാമിലി അപ്പസ്തോലറ്റ് സെന്ററിൽ നടന്ന മാതൃവേദി മുൻ ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് സെന്റ് തോമസ് കോളേജിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് പാസ്റ്ററൽ സെന്ററിൽ നടന്ന സാന്ത്വനത്തിന്റെ നേതൃത്വത്തിൽ വിഗാർഡ് ഒരുക്കുന്ന ഭവനങ്ങളുടെ നിർമ്മാണ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ ജൂബിലി ആഘോഷ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് മൈനർ സെമിനാരിയിൽ വച്ച് ബ്രദർ ജോസഫ് ഞെരിഞ്ഞാം പിള്ളിക്ക് ഡീക്കൻപട്ടം നൽകി.

23. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ജന്മദിനത്തിൽ രാവിലെ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് സഭാ സ്ഥാപന ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ സാഗർഭവനിൽ ബഹുമാനപ്പെട്ട പാസ്ക്കൽ ചക്കാലക്കൽ സി.എം.ഐ. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികനായി.

28 അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് വീണ്ടശ്ശേരി ഇടവക ദൈവാലയത്തിൽ നടത്തിയ വൈദീകരുടെ വിയാനി ഡേ ഒരുക്ക ധ്യാനത്തിലും പ്രാർത്ഥനയിലും പങ്കെടുക്കുകയും കൈവയ്പ്പു ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.


30 അഭിവന്ദ്യ പിതാക്കന്മാർ മൈനർ സെമിനാരിയിൽ വിയാനി ഡേ ആഘോഷങ്ങളുടെ ഭാഗമായി അതിരൂപതയിലെ പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന വൈദീകരോട് ചേർന്ന് വിശുദ്ധ ബലി അർപ്പിച്ചു; വൈദീക സമ്മേളനത്തിൽ പങ്കെടുത്തു.

31 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അത്താണി പോപ്പ് പോൾ മേഴ്സി ഹോമിൽ പുതുതായി നവീകരിച്ച ഹാളിന്റെ ആശീർവാദ കർമത്തിന് കാർമികത്വം വഹിച്ചു. തുടർന്ന് ഉച്ചക്കുശേഷം ചേരുംകുഴി ഇടവകാംഗവും റൂർക്കല രൂപ താംഗവുമായ മരണമടഞ്ഞ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കൂട്ടുമാൽ അച്ചന്റെ സംസ്ക്കാര കർമങ്ങൾക്കു മുഖ്യ കാർമികത്വം വഹിച്ചു. അതിനുശേഷം വൈകീട്ട് ഡി.ബി.സി.എൽ.സിയിൽ വച്ച് നടത്തിയ ക്രിസ്ഫോം പരിപാടിയുടെ ഉദ്ഘാടനവും നിർവഹിച്ചു.

> ശിഷ്യൻമാർക്കുവേണ്ടി
> പ്രാർഥിക്കുന്നു
> **അവരെല്ലാവരും ഒന്നായിരിക്കാൻ**
> **വേണ്ടി, പിതാവേ, അങ്ങ് എന്നിലും**
> **ഞാൻ അങ്ങയിലും**
> **ആയിരിക്കുന്നതുപോലെ അവരും**
> **നമ്മിൽ ആയിരിക്കുന്നതിനും**
> **അങ്ങനെ അവിടുന്ന് എന്നെ**
> **അയച്ചുവെന്നു ലോകം**
> **അറിയുന്നതിനും വേണ്ടി**
> **ഞാൻ പ്രാർത്ഥിക്കുന്നു.**
> **(യോഹ 17, 21)**

## നാമകരണ നടപടികൾ

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




**രണ്ടാം ശനി ഓർമ്മയാചരണം**

ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണം 08. 08.2026-ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽവെച്ച് ആചരിച്ചു. കൂടാലപ്പാട് ഇടവകാംഗവും ഫ്രാൻസിസ്കൻ കൺവെഞ്ചൽ സന്യാസസമൂഹാംഗവും ഇപ്പോൾ കാസർഗോഡ് ജില്ലയിൽ ശുശ്രൂഷ ചെയ്തുവരികയും ചെയ്യുന്ന ബഹു. ഫാ. ജിതിൻ തെക്കൈമാലിയാണ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം നല്കിയത്. കൂടാലപ്പാടുള്ള ചാരിററി സഹോദരിമാരാണ് ജപമാലയും ആരാധനയും നയിച്ചത്. കൂടാലപ്പാട് സെന്റ് ജോർജ് ഇടവകയിൽനിന്നും ധാരാളം വിശ്വാസികളും ആചരണത്തിൽ പങ്കെടുത്തു. പാലയൂർ നിന്നുള്ള എടക്കളത്തൂർ ബീന ബാബു ആണ് ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണപരിപാടികളുടെ വൈസ് പോസ്റ്റുലേറ്റർ ഡോ. സി. വർഷ സി എസ് സി ഏവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ എഴുപതാം ശ്രാദ്ധാചരണം 13.10.2026-ൽ ആചരിക്കുന്നു. അതിനൊരുക്കമായി വിവിധ കമ്മിറ്റികളെ തെരഞ്ഞെടുക്കുന്നതിനും പ്രാരംഭനടപടികൾ ആരംഭിക്കുന്നതിനുമായി 26.07.2026 ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വെച്ച് ഒരു പൊതുയോഗം വികാരി ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽനിന്ന് ധാരാളം പ്രതിനിധികൾ പങ്കെടുത്തു. യോഗതീരുമാനപ്രകാരം ഒക്ടോബർ 1 മുതൽ 13 വരെ അഖണ്ഡജപമാലദിനം, അഖണ്ഡബൈബിൾ പാരായണദിനം, ഏകദിന ഒരുക്കധ്യാന ധ്യാനം, പതിമൂന്നു മണിക്കൂർ ആരാധന, അഖിലകേരള ചിത്രരചനാമത്സരം, വൈദികസമർപ്പിതസംഗമം, എക്യുമെനിക്കൽ കൂട്ടായ്മ, രക്തദാനം, വാഹനവെഞ്ചിരിപ്പ്, ഛായചിത്രപ്രയാണം, പറപ്പൂർ പദയാത്ര സ്വീകരണം, ഡിവൈൻ എക്സ്പോ എന്നിവയെല്ലാം സംഘടിപ്പിക്കാമെന്ന് തീരുമാനമെടുത്തു. മുൻവർഷങ്ങളിലേതുപോലെ ഒക്ടോബർ 1 മുതൽ 11 വരെ നവനാൾ തിരുകർമ്മങ്ങളും 12-ാം തീയതി റാസാകുർബാനയും വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്നതായിരിക്കും. തുടർന്ന് നേർച്ചഭക്ഷണ വിതരണവും ഉണ്ടായിരിക്കുന്നതാണ്. 13-ാം തീയതി ശ്രാദ്ധദിനത്തിൽ കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ രാവിലെ 10.30-ന് ആഘോഷമായ വിശുദ്ധ ബലിയർപ്പണം ഉണ്ടായിരിക്കും. അതിനെതുടർന്ന് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ കബറിടത്തിൽ പുഷ്പാർച്ചനയും, നവജാതശിശുക്കൾക്ക് ചോറൂണും, നേർച്ചഭക്ഷണ വിതരണവും ഉണ്ടായിരിക്കും.

തൃശ്ശൂർ അതിരൂപതയിലെ ശ്രേഷ്ഠവൈദികനും ചാരിറ്റി സന്യാസിനിസമൂഹത്തിന്റെ സ്ഥാപകനും കരുണാർദ്രസ്നേഹത്തിന്റെ പ്രവാചകനും കുന്നംകുളത്തിന്റെ അച്ചൻതമ്പുരാനുമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഈ എഴുപതാം ശ്രാദ്ധാചരണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദൈവത്തിന്റെ അനന്തകാരുണ്യം അനുഭവിക്കാനും അത് പ്രഘോഷിക്കാനും നമുക്ക് ഇടവരട്ടെ. ധന്യനായ ഊക്കനച്ചനെപ്പോലെ യേശുവിന്റെ കരുണാർദ്രസ്നേഹത്താൽ ഉയർത്തപ്പെട്ട സ്മാരകങ്ങളായി മാറുവാൻ നമുക്കും പരിശ്രമിക്കാം.

## 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ആധ്യാത്മിക ജീവിതത്തിന് സഹായിക്കുന്ന ചില ചിന്തകൾ അന്തോണിയച്ചൻ നമുക്ക് നൽകുന്നത് നമുക്കു ശ്രവിക്കാം. മത്സ്യം വെള്ളം ആകുന്ന തിരശ്ശീലയിൽ മൂടപ്പെട്ടിരിക്കുന്നത് കൊണ്ട് പുറമേയുള്ള ശത്രുക്കളെ കാണുന്നില്ല. ജലത്തിൽ അത് കളിച്ചു നിൽക്കുമ്പോൾ അത് കാണാത്ത വലക്കാരൻ വല വീശി അതിനെ ഹനിക്കുന്നു. ഇതുപോലെത്തന്നെ നമ്മുടെ ശരീരമാകുന്ന തിരശ്ശീലയാൽ മൂടപ്പെട്ടിരിക്കുന്ന നാം ശത്രുക്കളെ കാണുന്നില്ലെങ്കിലും അവർ നമുക്കു ചുറ്റും നടക്കുന്നു.

നമ്മുടെ പിതാവായ ദൈവം നമ്മെ പാലിക്കും. തന്റെ സഹായം കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ഏറെ പണിപ്പെട്ട് വളഞ്ഞാലും തിരിഞ്ഞാലും നിവർന്നാലും നമ്മളിൽ ആർക്കെങ്കിലും അര അംഗുലം നമ്മുടെ ഉയരത്തിൽ വർദ്ധിപ്പിക്കാനാകുമോ? നാം നിഴലിനെ പിടിക്കാൻ നോക്കിയാൽ നിഴൽ ഓടിപ്പോകും. നേരേ മറിച്ച് നാം നമ്മുടെ വഴിക്ക് പോകുന്നതായാൽ

നിഴലും നമ്മെ പിഞ്ചെല്ലും. ജീവിതത്തിൽ ആവശ്യമായ വിവിധ കാര്യങ്ങളെപ്പറ്റി ഏറെ ആകുലപ്പെട്ട് നടക്കുന്നവരെപ്പറ്റിയാണ് അച്ചൻ ഇവിടെ എഴുതുന്നത്.

ചില വ്യക്തികൾ മൂലമുള്ള തിന്മയുടെ സ്വാധീനത്തെപ്പറ്റി അച്ചൻ എടുത്തു പറയുന്നു. ഒരിക്കൽ ഒരു ഞായറാഴ്ച ദിവസം ഉച്ചതിരിഞ്ഞ് തിരുക്കർമ്മങ്ങളുടെ സമയത്ത് ഒരാൾ പട്ടണത്തിൽ കൂടി കടന്നു പോകുമ്പോൾ അവിടെയുള്ള കുട്ടികൾ ദൈവാലയത്തിൽ പോകാതെ കളിവിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടു. അവരെ അതിനു പ്രേരിപ്പിച്ച് അവരുടെ തലയിൽ ഇറുച്ചിൽ (നരിച്ചീറുകൾ) പോലെ പക്ഷികൾ പ്രവർത്തിക്കുന്നതായി കണ്ടു. ഈ സമയം ഒരു കുട്ടി അകലെ നിന്ന് ഓടിക്കിതച്ചുവരുന്നത് അയാൾ കണ്ടു. ഈ കുട്ടി വന്ന ക്ഷണത്തിൽ ഇറുച്ചിലുകളെല്ലാം പറന്നു പോയി. ഇതുകണ്ടപ്പോൾ ഈ കുട്ടി ഒരു വിശുദ്ധനായിരിക്കും എന്ന് അയാൾ കരുതി. പക്ഷേ കാര്യം അങ്ങനെയല്ലായിരുന്നു. അവൻ മഹാ ചീത്ത കുട്ടിയായിരുന്നു. അവന്റെ മാതാപിതാക്കൾ പള്ളിയിലോ മറ്റോ പോകുന്ന സമയം നോക്കി അവൻ കാത്തു നില്ക്കുകയായിരുന്നു. കുട്ടിപ്പിശാചുക്കൾക്കു വേണ്ട പണിയെല്ലാം ഈ കുട്ടി തന്നെ ചെയ്തു. അതായിരുന്നു അവിടെനിന്ന് ഇറുച്ചിലുകൾ പോയത്.

തിന്മയുടെ സ്വാധീനത്തെ മറികടന്ന് ആഴമായ വിശ്വാസവും ഭക്തിയും അനുദിനജീവിതത്തിൽ നാം കാത്തുസൂക്ഷിക്കണമെന്ന് അന്തോണിയച്ചൻ നമ്മെ ഉപദേശിക്കുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# ₹ സാമ്പത്തിക കാര്യാലയം

**ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ**

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നുണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. 2026 നവംമ്പർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയിക്കപ്പെട്ട അച്ചൻമ്മാരെ ബന്ധപ്പെട്ട് ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ഒക്ടോബർ മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**1. ഫാ.ജോർജ്ജ് ചെറുവത്തൂർ (9447617926)**
**ശ്രീ. ആന്റണി തോമസ് എം. (9447739870)**

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നഴ്സിംഗ്
5. സെന്റ് തോമസ് കോളേജ്
6. സെന്റ് തോമസ് ഹോസ്റ്റൽസ്

**2. ഫാ. ജോജു ആളൂർ (9446620881)**
**ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, മാതൃവേദി, ജോൺ പോൾ പ്രോലൈഫ്, ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ സ്പിരിച്ചൽ ആനിമേഷൻ സെന്റർ, AFC
2. കുടുംബകൂട്ടായ്മ,
3. ലോഫ്
4. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട്, ലിലിയൻ ഫോണ്ടസ്
5. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്

6. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ)
7. ഫ്രാൻസിസ്കൻ അസോസിയേഷൻ
8. ചൈതന്യക്ലീനിക്
9.ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം
10. ഡാമിയൻ എസ്റ്റേറ്റ് മുളയം
11.ഡാമിയൻ ജൂബിലി ശാന്തിഗ്രാം

**3. ഫാ. വർഗ്ഗീസ് തരകൻ (9447350189)**
**ശ്രീ. ആന്റണി തോമസ് എം.(9447739870)**

1. ബൈബിൾ അപ്പസ്തോലേറ്റ്
2. കെ.എൽ.എം./സാക്രിസ്റ്റ്യൻസ്
3. തൊഴിൽ അഭ്യസന പീഠം
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**4. ഫാ. റാഫി തട്ടിൽ (9446872591)**
**ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപൂരം
3. സാവിയോ ഹോം , മനക്കൊടി
4. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
5. ആബാ റിന്യൂവൽ സെന്റർ, കരിസ്മാറ്റിക് മൂവ്മെന്റ്
6. പഴുവിൽ ധ്യാനകേന്ദ്രം
7. ബെത്സയ്ദ റീട്രീറ്റ് സെന്റർ

**5. ഫാ. സെബി കവലക്കാട്ട് (8547040259)**
**ശ്രീ. തോമസ് അഗസ്റ്റിൻ (9947470256)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
3. സെന്റ് ജോസഫ്സ് മെന്ററൽ ഹോം, പുല്ലഴി
4. സെന്റ് ജോസഫ്സ് ഭവൻ, പുല്ലഴി
5. നസ്രത്ത് സെന്റർ, മുള്ളൂർക്കര
6. സെന്റ് പോൾസ് ഗുരുകുലം, തിരുവില്വാമല

**6. ഫാ. പോൾസൺ തട്ടിൽ (9446533069)**
**ശ്രീ. ഇ. കെ. ഫ്രാൻസിസ് (9745759676)**

1 പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3. പോപ്പ് ജോൺപോൾ പീസ് ഹോം, പെരിങ്ങണ്ടൂർ
4.ടിംഹാൻസ്, പെരിങ്ങണ്ടൂർ
5. കലാസദൻ
6. കാത്തലിക് നഴ്സസ് ഗിൽഡ്
7. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ
8. കത്തോലിക്കാസഭമാഗസിൻ
9. കത്തോലിക്കാസഭ പിൽഗ്രിമെജ്
10. കാത്തലിക് ഇൻഫർമേഷൻ സെന്റർ
11. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ

**7. ഫാ. സിംസൺ ചിറമ്മൽ (9020663527)**
**ശ്രീ. സി.പി. ജോസ് (9249898575)**

1. വിശ്വാസ പരിശീലനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി , ലൈബ്രറി
2. ഡി.ബി.സി.എൽ.സി, ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
3. വിശ്വാസ പരിശീലനം - ബുക്ക് സ്റ്റാൾ അക്കൗണ്ട്
4. എക്സൽ അക്കാദമി
5. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി
6. ജീസസ്സ് യൂത്ത്
7. ചർച്ച് ക്വയർ,
8. കെ.സി.എസ്.എൽ

**8. ഫാ.ജോജു ചിരിയൻകണ്ടത്ത് (9961888515)**
**ശ്രീ എം.ഡി. ആന്റോ (9895242706)**

1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
4. ടി.ടി.ഐ. കുരിയച്ചിറ
5. ഐ.സി.എസ്.ഇ. പബ്ലിക് സ്കൂൾ കുരിയച്ചിറ
6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ,ആർത്താറ്റ്

**9. ഫാ.ഷിജോ മാപ്രാണത്തുക്കാരൻ (8547607029)**
**ശ്രീ. ജോസ് വി. വടക്കേത്തല (9495888206)**

1 കെ.സി.വൈ.എം.
2. കത്തോലിക്ക കോൺഗ്രസ്
3. യൂത്ത്മിനിസ്ട്രി
4. ലേ ലീഡർഷിപ്പ്
5. ലീജിയൻ ഓഫ് മേരി

6. സോഷ്യൽ ആക്ഷൻ
7. സോഷ്യൽ വെൽഫെയർ സെന്റർ
8. സോഷ്യൽ ഹൗസിംഗ് സെന്റർ, സേവ് എ. ഫാമിലി പ്ലാൻ
9. സ്ലം സർവ്വീസ്
10. സാന്ത്വനം, SWIFT
11. എവുപ്രാസ്യ തീർത്ഥകേന്ദ്രം

**10. ഫാ. ജോഷി ആളൂർ (9495337733)**
**ശ്രീ. ജോസ് വി. വടക്കേത്തല (9495888206)**

1. മേരിമാത മേജർ സെമിനാരി & MSAT
2. PAROC
3. ഹോം ഓഫ് ലവ്, മുളയം
4. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
5. കരുണട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
6. സെന്റ് മേരീസ് മൈനർ സെമിനാരി
7. ചിൽഡ്രസ് മിനിസ്ട്രി (തിരുബാലസംഖ്യം, സി.എൽ.സി, അൾത്താര സംഘം)
8. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

**ഫ്രാൻസിസ് പള്ളിക്കുന്നത്ത്,**
ഫൈനാൻസ് ഓഫീസർ
**ഫാ.അജിത്ത് കൊള്ളന്നൂർ,**
അസി. ഫൈനാൻസ് ഓഫീസർ

ദുഃഖം സന്തോഷമായി മാറും
**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.**
**(യോഹ 16, 20)**

# വൈദികർ

## ജന്മദിനങ്ങൾ BIRTH DAY

| | |
|---|---|
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. | 02 |
| ഫാ. ആന്റോ രായപ്പൻ | 02 |
| ഫാ. ജെറിൻ അരിമ്പൂർ | 06 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. ഐനിക്കൽ നോബിൾ | 09 |
| ഫാ. ഡേവിസ് ചെറയത്ത് Jr. | 10 |
| ഫാ. ഡേവിസ് ചിറമ്മൽ Sr. | 10 |
| ഫാ. ഏബിൾ ചിറമ്മൽ | 13 |
| ഫാ. ജിയോ വേലൂക്കാരൻ | 14 |
| ഫാ. ജിനു പയ്യപ്പിള്ളി | 17 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. ജോൺ പേരാമംഗലം | 23 |
| ഫാ. ജിജോ മാളിയേക്കൽ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. അപ്പക്കോട്ട് എഡ്വിൻ ജോർജ്ജ് | 26 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

## നാമഹേതുക തിരുനാൾ FEAST DAY

| | |
|---|---|
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. കുന്നപ്പിള്ളിൽ തേജസ്സ് | 21 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. ജിൻസൻ മുക്കടയിൽ | 21 |
| ഫാ. ജിതിൻ നെല്ലങ്കര | 21 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |

| | |
|---|---|
| ഫാ. അജിൽ മാങ്ങൻ | 27 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 |
| ഫാ. ഗോഡ്‌വിൻ കിഴക്കൂടൻ | 29 |
| ഫാ. അലക്സ് മാപ്രാണി | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |

---




| | |
|---|---|
| ഫാ. ജോസഫ് മഞ്ഞളി | 01.09.1969 |
| ഫാ. അബ്രാഹം മാമ്പിള്ളി | 02.09.1972 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03.09.1960 |
| മോൺ. ആന്റണി മാളിയേക്കൽ | 03.09.2001 |
| ഫാ. ആന്റണി കൊടിയൻ | 04.09.1960 |
| ഫാ. ആന്റണി കൊള്ളന്നൂർ | 05.09.2025 |
| ഫാ. ദേവസ്സി ചിറമ്മൽ | 06.09.1938 |
| ഫാ. ജോൺ ചിറമ്മൽ | 06.09.1990 |
| ഫാ. ജോർജ്ജ് കൂനൻ | 09.09.1996 |
| ഫാ. പോൾ മാറോക്കി | 10.09.2017 |
| ഫാ. ജോൺ പ്ലാശ്ശേരി | 11.09.1973 |
| ഫാ. ജോസഫ് മാളിയേക്കൽ | 11.09.2009 |
| ഫാ. ജേക്കബ് അറക്കൽ Sr. | 14.09.1946 |
| ഫാ. തോമസ് അടമ്പുകുളം | 14.09.1962 |
| ഫാ. അഗസ്റ്റിൻ അക്കര | 15.09.2012 |
| ഫാ. പോൾ വാഴപ്പിള്ളി | 17.09.1952 |
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18.09.1915 |
| ഫാ. ജോൺ ചെറയത്ത് | 19.09.1970 |
| ഫാ. ജേക്കബ് ഐനിക്കൽ | 19.09.2010 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20.09.1977 |
| ഫാ. സെബാസ്റ്റ്യൻ അറയ്ക്കൽ | 20.09.2019 |
| ഫാ. ചാക്കോ ചെറുവത്തൂർ | 23.09.2024 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25.09.1996 |
| ഫാ. ആന്റണി മാളിയേക്കൽ | 28.09.1968 |
| ഫാ. ആന്റണി തോട്ടാൻ Sr. | 29.09.2001 |
| ഫാ. ജോൺ മാളിയേക്കൽ Sr. | 30.09.1978 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### സി എച്ച് എഫ്

07.07.2026 ന് നേഴ്സുമാരുടെ സമരത്തിനെതിരെ പുത്തൻപള്ളി ഫൊറോന മുനിസിപ്പൽ ഓഫീസിനു മുൻപിൽ സംഘടിപ്പിച്ച ധർണയിൽ പുത്തൻപള്ളി ഫൊറോനയിലുള്ള നവജ്യോതി പ്രോവിൻസിലെ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു. 12.07.2026 ന് യു.എൻ.എ. യുടെയും സഭാ വിരുദ്ധ ശക്തികളുടെയും അവഹേളനങ്ങൾക്കെതിരെ തൃശ്ശൂർ അതിരൂപത തലത്തിൽ അഭിവന്ദ്യ പിതാക്കൻമാരുടെ നേതൃത്വത്തിൽ തൃശൂർ ടൗൺ ഹാളിൽ നടത്തിയ പ്രതിഷേധ യോഗത്തിൽ സി എച്ച് എഫ് നവജ്യോതി പ്രോവിൻഷ്യൽ കൗൺസിലും പ്രോവിൻസിൽ നിന്നുള്ള സിസ്റ്റേഴ്സും പങ്കെടുത്തു. 15.07.2026 ൽ സി എച്ച് എഫ് നവജ്യോതി ഐ എഫ് ഡി എഫി ന്റെ നേതൃത്വത്തിൽ മണലാടി ഇടവകയിൽ ഹോം മിഷൻ ആരംഭിച്ചു. 18.07.2026 ൽ നവജ്യോതി പ്രോവിൻസിൽ ഫോർമേഷ നിൻ ആയിരിക്കുന്നവരുടെ ഫാമിലി ഗാതറിംഗ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. 18.07.2026 ന് തൃശൂർ അതിരൂപ തയുടെ നേതൃത്വത്തിൽ ഡി.ബി.സി.എൽ.സി യിൽ നടന്ന ഗോൾഡൻ സിൽവർ ജൂബിലി ആഘോഷിക്കുന്ന സമർപ്പിതരുടെ സംഗമത്തിൽ നവജ്യോതി പ്രോവിൻസിൽ നിന്നുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു. 18.07.2026 ൽ കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യ തീർത്ഥാടന കേന്ദ്രത്തിൽ ധന്യൻ ജോസഫ് വിതയത്തിൽ അച്ചന്റെ തിരുനാളിനേ ാടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ നടന്ന നൊവേന കുർബാനയിൽ പ്രോവിൻസിൽ നിന്നുള്ള ധാരാളം

സിസ്റ്റേഴ്സ് പങ്കെടുത്തു.  21.07.2026 ന് ധന്യൻ ജോസഫ് വിതയത്തിൽ അച്ചന്റെ തിരുനാളിനോടനുബന്ധിച്ച് ഒല്ലൂർ ഇടവക ദേവാലയത്തിൽ നിന്നും കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തിയ  ദീപശിഖ പ്രയാണത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസ്സിൻ തെരേസും സിസ്റ്റേഴ്സും സംബന്ധിച്ചു.

**എസ്.എ. ബി.എസ്.**

ജൂലൈ  പത്തിന് പാവറട്ടി സാൻജോസ് നേഴ്സിംഗ് കോളേജിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന പ്രാർത്ഥനയിൽ 54 പേർ സംബന്ധിച്ചു. ക്ലാസ്, കൗൺസിലിംഗ് ദിവ്യകാരുണ്യ ആരാധന എന്നിവയ്ക്ക് സിസ്റ്റേഴ്സ് നേതൃത്വം നൽകി.യുഎൻഎ സമരത്തിന്റെ മറവിൽ തൃശൂർ അതിരൂപതയെയും അധ്യക്ഷനെയും അവഹേളിക്കുന്നതിനെതിരെ ജൂലൈ 12ന് ടൗൺ ഹാളിൽ വെച്ച് നടത്തിയ പ്രതിരോധ സംഗമത്തിൽ വിവിധ ഭവന സമൂഹങ്ങളിൽ നിന്ന് സിസ്റ്റേഴ്സ് സംബന്ധിച്ചു.17ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സുപ്പിരിയേഴ്സ് & ഫൈനാൻസ് ഓഫീസേഴ്സിന്റെ ഓറിയന്റേഷൻ പ്രോഗ്രാമിൽ വിവിധ ഭവനങ്ങളിൽ നിന്നും ഉത്തരവാദിത്തപ്പെട്ടവർ പങ്കെടുത്തു.  . 27ന് നെന്മണിക്കര ഭവനത്തിൽ ഫെയ്ത്ത് 8 ഫോർമേഷന്റെ PSAF നടത്തി. ജൂബിലി മിഷൻ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയിരിക്കുന്ന രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്ന പുതിയൊരു ദൗത്യം ഏറ്റെടുത്തുകൊണ്ട് പ്രൊവിൻഷ്യൽ കാൺസിലേഴ്സ് സിസ്റ്റർ ടെസ്മി തെക്കിനിയത്ത്, സിസ്റ്റർ ക്ലാരിസ മണവാളൻ എന്നിവർ ഹോസ്പിറ്റൽ അധികൃതരുമായി സംസാരിച്ച് ജൂലൈ 29ന് പ്രോവിൻസിന്റെ ദൗത്യം ആരംഭിച്ചു. തൃശൂർ നിർമ്മലമാത സെൻട്രൽ സ്കൂളിൽ ജൂലൈ 41 ന് നടത്തിയ ജാഗരണ പ്രാർത്ഥനയിൽ എല്ലാ ഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എം.സി.**

പരി. കർമലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് എല്ലാ മഠങ്ങളിലും  ജൂലായ് 11 ന് വിശുദ്ധീകരണദിനമായി ആചരിച്ചു. കൂടാതെ വ്രതങ്ങളെകുറിച്ചുള്ള ധ്യാനവിചിന്തനങ്ങളും തിരുനാൾ ദിനത്തിൽ പ്രൊവിൻഷ്യാളമ്മ സന്ദേശവും നൽകുകയുണ്ടായി. 15-ാം തിയതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ജൂലൈ 16 പരിശുദ്ധകർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ സിഎംസി സിസ്റ്റേഴ്സും ദിവ്യബലി മധ്യേ തങ്ങളുടെ വ്രതനവീകരണം നടത്തി.  ജൂലായ് മാസത്തിൽ, ചെറളയം ഹോളി ചൈൽഡ്സ്, തൃശൂർ സെന്റ് ആൻസ്

ഇൻസ്റ്റിറ്റ്യൂട്ട്, മനക്കൊടി സാവിയോ ഹോം, തൊഴുപാടം മരിയ ഭവൻ, മണലൂർ സെന്റ് തെരേസാസ്, ചൂണ്ടൽ സാൻതോം, ചേറൂർ ദിവ്യഭവൻ, കോട്ടപടി ബഥനി, എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ കാനോനിക സന്ദർശനം നടത്തി. സാമൂഹ്യസേവന വകുപ്പിന്റെ കെയ്റോസ്, ഉജ്ജീവനം, വിശ്വാസ രൂപികരണവകുപ്പിന്റെ കീഴിലുള്ള സിഎംസി അസ്സോസിയേറ്റ്സ് എന്നിവരുടെ Gathering സെന്റ് റാഫേൽസ് സി ജി എച്ച് എസ് എസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. 378 സ്ത്രീകൾ പങ്കെടുത്തു. സി.എംസി മാനേജ്മെന്റിലെ അധ്യാപകർക്ക് Seminar & Merit Day കുരിയച്ചിറ സെന്റ് പോൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. 19ന് സെന്റ് ജോസഫ് ചൂണ്ടൽ ഹോസ്പിറ്റലിൽ വെച്ച് ഹോസ്പിറ്റൽ സിസ്റ്റേഴ്സിന്റെ സംഗമം നടത്തി. ആതുരശുശ്രൂഷാരംഗത്തു വിവിധ മേഖലയിൽ മുന്നിട്ടു നിൽക്കുന്നവരെയും, ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനെ ആദരിക്കുകയും ചെയ്തു. General Body of C M C Higher Education Society യുടെ meeting വിമല കോളേജിൽ വെച്ച് നടന്നു. കോപ്പറേറ്റീവ് മാനേജരും പ്രൊവിൻഷ്യൽ സുപ്പീരിയറുമായ സി. സാലി പോൾ അധ്യക്ഷ പ്രസംഗവും Higher Education Councilor സി. മാർഗരറ്റ് മേരി മുഖ്യ പ്രഭാഷണവും നടത്തി.

### എഫ്.സി.സി

മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനത്തോടനുബന്ധിച്ച് ജൂലായ് 4-ാം തീയതി ആരംഭിച്ച 'നോർബർട്ടമ്മ സാന്ത്വന ഹോമിയോ' ക്ലിനിക്കിന്റെ വെഞ്ചെരിപ്പുകർമ്മം മഠം ചാപ്ലിയൻ റവ. ഫാ. ജോസഫ് മുരിങ്ങാത്തേരി നിർവ്വഹിച്ചു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ലോക്കൽ സുപ്പീരിയേഴ്സ്, സോഷ്യൽ പ്രമോട്ടേഴ്സ് എന്നിവർക്കായി ഒരുക്കിയ മീറ്റിംഗിൽ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ക്രൈസ്തവർക്കുള്ള ഗവൺമെന്റിന്റെ ക്ഷേമ പദ്ധതികളെകുറിച്ച് ക്ലാസ്സെടുത്തു. 9-ാം തീയതികളിൽ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് നടന്ന 2 ദിവസത്തെ വചനാമൃതധ്യാനത്തിൽ 62 കുട്ടികൾ പങ്കെടുത്തു. 13-ാം തീയതി വെണ്ടോർ സെന്റ് മേരീസ് കോൺവെന്റിനോടനുബന്ധിച്ച് ആരംഭിച്ച 'റോസ മിസ്റ്റിക്ക ഹോമിയോ ക്ലിനിക്കി'ന്റെ ഉദ്ഘാടനം മഠം ചാപ്ലിയൻ റവ. ഫാ. ലാസർ താണിക്കൽ നിർവ്വഹിച്ചു. 13-ാം തീയതി തൃശൂർ എം ഐ ഓഡിറ്റോറിയത്തിൽവെച്ച് 2026-27 അധ്യയനവർഷത്തിലെ അൽഫോൻസ ഗാർഡന്റെ പ്രോവിൻസ് തല ഉദ്ഘാടനം പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഫോൺസി മരിയ നിർവ്വഹിച്ചു. സെന്റ് ഫ്രാൻസീസ് വർഷത്തോടനുബന്ധിച്ച് 19-ാം തീയതി തൃശൂർ FCC Health Care Fraternity യുടെ നേതൃത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റിൽവെച്ച് അവിഭക്ത

പ്രോവിൻസിലെ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന സഹോദരിമാരെ ഉൾപ്പെടുത്തി ഒരു ഏകദിന പ്രോഗ്രാം സംഘടിപ്പിച്ചു. അസ്സീസി വർഷത്തോടനുബന്ധിച്ച് പ്രോവിൻസ് നിർമ്മിച്ച ഷോർട്ട് ഫിലിം 'ശാന്തിദൂതൻ - അസ്സീസിയിലെ വി. ഫ്രാൻസീസ്' ന്റെ Official releasing 21 ന് തൃശൂർ അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ നിർവ്വഹിച്ചു. 31-ാം തീയതി മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റിൽ വചനാമൃത ടീമംഗങ്ങളുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച ജാഗരണ പ്രർത്ഥനയിൽ 55 കുട്ടികൾ പങ്കെടുത്തു.

**സി. എസ്. എസ്.**

മണ്ണൂത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സ്ഥാപകപിതാവ് മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 117- ാം മത് ജന്മദിനം സമുചിതമായി ആഘോഷിച്ചു. സ്നേഹാരാം പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സി. കൃപാ പോൾ സ്ഥാപക പിതാവിനെ കുറിച്ച് സംസാരിക്കുകയും സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ അനുഭവങ്ങൾ പങ്കുവയ്ക്കുകയും, നിത്യവ്രത വാഗ്ദാനം നടത്തിയ 7 സഹോദരിമാർക്ക് അനുമോദനങ്ങൾ നേർന്ന് സംസാരിക്കുകയും ചെയ്തു. സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസ്സിൽ വെച്ച് 03.07.2026 ന് നടത്തിയ സഭാദിന ആഘോഷപരിപാടികളിൽ ബഹു. സി. പുഷ്പവും, സിസ്റ്റർ ലിൻസ് മരിയയും പങ്കെടുത്തു. സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ Renewal programme ന്റെ Follow up ഓരോ ഹൗസുകളിലും വെച്ച് നടത്തപ്പെടുന്നു. വി. അൽഫോൽസാമ്മയുടെ തിരുന്നാൾ ദിനം ജൂലൈ 28 ന് സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസയുടെ നാമഹേതുകതിരുന്നാൾ സമുചിതമായി ആഘോഷിച്ചു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം. ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂലൈ 4ന് സിസ്റ്റേഴ്സിനായി Batch Gathering നടത്തപ്പെടുകയും റവ. ഫാ. ജോയ്സ് തോണിക്കുഴിയിൽ എസ്ഡിബി ക്ലാസ്സിന് നേതൃത്വം നല്കുകയും 27 സിസ്റ്റേഴ്സ് അതിൽ പങ്കെടുക്കുകയും ചെയ്തു. കല്ലടികോട് ഉള്ള സെന്റ് പോൾസ് കോൺവന്റിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ കാനോനിക സന്ദർശനം നടത്തി. തൃശ്ശൂർ അതിരൂപതയിൽ 12-ാം തിയതി സംഘടിപ്പിച്ച പ്രതിരോധസമ്മേളനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂലൈ 27, 28 തിയതികളിൽ ബഹു. ഫാ. ജോ

കോക്കണ്ടത്തിൽ എസ് ഡി ബി യുടെ നേതൃത്വത്തിൽ സൈക്കോ സ്പിരിച്ച്വൽ ഹീലിങ്ങ് ആന്റ് ട്രെയിനിങ്ങ് ഇൻ ഇമോഷണൽ ഹൈജിൻ കോഴ്സ് നടത്തപ്പെടുകയും അതിൽ 32 സഹോദരിമാർ പങ്കെടുക്കുകയും ചെയ്തു.

**സി.എസ്.എം.**

മുളയം മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടന്ന ഉപ കാരികളുടെ സംഗമത്തിൽ ബഹുമാനപ്പെട്ട സിസ്റ്റർ ഗിഫ്റ്റിയും സിസ്റ്റർ മോളിയും പങ്കെടുത്തു. 12/7/26 തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ യുഎൻഎയുടെ സമരത്തോട് അനുബന്ധിച്ച് തൃശ്ശൂർ ടൗൺഹാളിൽ വച്ച് നടത്തിയ പ്രതിഷേധ സംഗമത്തിൽ മർത്താ സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സ് പങ്കെടുത്തു. 29/7/26 സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ മർത്തായുടെ തിരുനാൾ ആഘോഷിച്ചു. രാവിലെ 6.30ന് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിന്റെ നേതൃത്വത്തിൽ ആഘോഷമായ ദിവ്യബലി അർപ്പണവും, വ്രതവാഗ്ദാന നവീകരണവും ഉണ്ടായിരുന്നു. 1/8/26 ആസ്പിരെന്റ്സ് ആയിരുന്ന സ്നേഹയും ജിസ്നയും രൂപീകരണ കാലഘട്ടത്തിന്റെ പോസ്റ്റുലൻസി പീരിയഡിലേക്ക് പ്രവേശിച്ചു. ജൂലൈ 18, ശനിയാഴ്ച, CSM കോൺഗ്രിഗേഷൻഡേയും സുപ്പീരിയർ ജനറൽ മദർ ബിയാട്രിസിന്റെ ഫീസ്റ്റും സമുചിതമായി ആഘോഷിച്ചു. എല്ലാ കോൺവെന്റുകളിൽ നിന്നുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സാന്നിധ്യം ആഘോഷത്തിന് കൂടുതൽ മനോഹാരിതയും ഐക്യവും പകർന്നു.

## ആദരാഞ്ജലികൾ




9.06.2026 വെങ്ങിണിശ്ശേരി അൽവേർണിയ ഭവനാംഗമായ സി. മക്കരാരിയ 2026 ജൂൺ 29-ാം തീയതി ഉച്ചയ്ക്ക് 12.45 ന് നിര്യാതയായി. 30-ാം തീയതി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 4.00 ന് ബിഷപ്പ് എമരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ വെങ്ങിണിശ്ശേരി അൽവേർണിയ കോൺവെന്റ് ചാപ്പലിൽ നടന്നു.



20.06.2026: സി.എച്ച്.എഫ് നവജ്യോതി പ്രോ വിൻസ് ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. ജെറോസ് സി എച്ച് എഫ് (95) കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. 20.06.2026 ന് മൃതസംസ്കാര ശുശ്രൂഷ വൈകീട്ട് 5.00 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.



ചൂണ്ടൽ സാൻതോം മഠാംഗമായ സിസ്റ്റർ മീറ സി.എം.സി. 08/07/2026 രാത്രി 11 മണിക്ക് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിക്കുകയും ചെയ്തു.



ഒല്ലൂർ ലേഡി ഫാറ്റിമ മഠാംഗമായ സിസ്റ്റർ ലിബോറിയ സി.എം.സി 30/07/2026 വ്യാഴാഴ്ച്ച രാവിലെ 6.20 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ബിഷപ്പ് എമിരറ്റസ് മാർ ബോസ്കോ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമങ്ങൾ നിർവഹിക്കുകയും ചെയ്തു.



സി.എസ്.എസ്. സ്നേഹോദയ പ്രോവിൻസിലെ അംഗമായ റവ. സി. ഗ്രേയ്സ് സലോം 17.07.2026 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.

**ഫാ. സിജോ പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# മേരിമാതാ മേജർ സെമിനാരി

**Mid-Semester Examinations**

മേരിമാതാ മേജർ സെമിനാരിയിൽ ദൈവശാസ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികളുടെ 2026-27 അധ്യയനവർഷത്തിലെ ആദ്യ ഘട്ട പരീക്ഷകൾ ജൂലൈ 25 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ നടന്നു.

**One Day Outing**

ഈ അധ്യയനവർഷത്തിലെ One Day Outing ആഗസ്റ്റ് 1ന് നടത്തപ്പെട്ടു. പ്രഭാതത്തിലെ ദിവ്യബലിയ്ക്കുശേഷം, സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും ഒത്തൊരുമയുടെ ഒരു ദിനമായി ആഘോഷിക്കുകയും ചെയ്തു.

**വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ**

ആഗസ്റ്റ് 4-ാം തീയ്യതി വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. ബഹു. തോമസ് കാക്കശ്ശേരി അച്ചൻ വിശുദ്ധ ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും മനോഹരമായ സന്ദേശം നൽകുകയും ചെയ്തു. അന്നേ ദിവസം എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സെമിനാരി സമൂഹം ആശംസകളും പ്രാർത്ഥനകളും നേർന്നു.

**ഒന്നാംവർഷ തത്വശാസ്ത്ര വൈദികവിദ്യാർത്ഥികളുടെ നാടകം**

ആഗസ്റ്റ് 6-ാം തീയതി വൈകീട്ട് ഏഴുമണിക്ക് ഒന്നാംവർഷ തത്വശാസ്ത്ര വൈദികവിദ്യാർഥികൾ ബഹുമാനപ്പെട്ട നിതിൻ അച്ചന്റെ നേതൃത്വത്തിൽ The Last Chance എന്ന മനോഹരമായ ഒരു നാടകം അവതരിപ്പിച്ചു. ഒരു പുരോഹിതന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്ന വെല്ലുവിളികളായിരുന്നു പ്രധാന വിഷയം.

**മാതാപിതാക്കളുടെ സംഗമം**

മേരിമാത മേജർ സെമിനാരിയിലെ ഒന്നാം വർഷ ദൈവശാസ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം ആഗസ്റ്റ് 08 ശനിയാഴ്ച സമുചിതമായി ആഘോഷിച്ചു. ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്റർ ബഹു. ഫാ. ആന്റോ പാണേങ്ങാടൻ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്റർ ബഹു. ഫാ. നിതിൻ ആലയ്ക്കാത്തടത്തിൽ വചന

സന്ദേശം നൽകി. ദിവ്യബലിക്കുശേഷം നടന്ന യോഗത്തിൽ റെക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ മാതാപിതാക്കൾക്ക് സ്വാഗതം ആശംസിച്ച് സംസാരിച്ചു. മേരിമാത മേജർ സെമിനാരിയിൽനിന്നും സ്നേഹാദരങ്ങൾ സ്വീകരിച്ച് ഉച്ചഭക്ഷണത്തിനുശേഷം മാതാപിതാക്കൾ ഭവനങ്ങളിലേക്ക് മടങ്ങി.

**ബേഴ്സ് സ്ഥാപിച്ചവർ**

## I. Individual Patron Membership

1. മരിയ പ്രൊവിഷ്യൽ ഹൗസ്, കൂർക്കഞ്ചേരി, തൃശ്ശൂർ, 680007.
2. ശ്രീമതി ജിജു ജോർജ്ജ്, W/o അനിൽ ജോർജ്ജ്, തെക്കേക്കുന്നേൽ ഹൗസ്, കോതമംഗലം.

## II. Individual Benefactor Membership

1. ഡോ. ഹണി സെബാസ്റ്റ്യൻ, ചേറ്റുപുഴക്കാരൻ ഹൗസ്, ചേറൂർ പി.ഒ., തൃശ്ശൂർ, 680009.
2. ശ്രീമതി റോസിലി ലാസർ, ഉഷസ്, അനയാറ പി.ഒ., കടകംപിള്ളി റോഡ്, തിരുവനന്തപുരം.
3. ശ്രീമതി മോളി ആന്റോ, തട്ടിൽ ചീനിക്കൽ ഹൗസ്, നെടുപുഴ, തൃശ്ശൂർ.

## III. Individual Well-wisher Membership

1. ശ്രീമതി എൽസി, താഴത്തേടത്ത് ഹൗസ്, മാന്ദാമംഗലം, തൃശ്ശൂർ.

**ഫാ. സെബാസ്റ്റ്യൻ ചാലക്കൽ,**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

• വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (Feast of Dukrana & Ecumenical Celebrations – 2026 July 3):

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാളും എക്യുമെനിക്കൽ ദിനാചരണവും മൈനർ സെമിനാരിയിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു. തലേദിവസം (ജൂലൈ 2) വൈകുന്നേരം പ്രത്യേക സന്ധ്യാപ്രാർത്ഥന (Vespers / Ramsa) ഉണ്ടായിരുന്നു.

തിരുനാൾ ദിനാചരണത്തോടനുബന്ധിച്ച് സെമിനാരിയിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ പൊതുസമ്മേളനം അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പിതാവ് തിരുനാൾ സന്ദേശം നൽകുകയും സെമിനാരി സമൂഹത്തിന് ആശംസകൾ നേരുകയും ചെയ്തു. സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും നാടകവും അരങ്ങേറി.

- സന്ദർശന ദിനങ്ങൾ (Visitors' Days & Community Choir Formation):

  ജൂലൈ 5-ന് രണ്ടും മൂന്നും വർഷ വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കും ബന്ധുക്കൾക്കുമായി സന്ദർശന സമയം (2 PM – 5 PM) ക്രമീകരിച്ചു. ജൂലൈ 19-ന് ഒന്നാം വർഷ വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കൾ സെമിനാരി സന്ദർശിച്ചു.

- ആന്തരിക നവീകരണ ശില്പശാല (Psycho Spiritual Inner Healing JOSEPH Workshop ):

2026 ജൂലൈ 10 മുതൽ 12 വരെയുള്ള തീയതികളിൽ ഒന്നാം വർഷ മൈനർ സെമിനാരി വിദ്യാർത്ഥികളുടെ ആന്തരിക നവീകരണവും വ്യക്തിത്വ വികാസവും ലക്ഷ്യമാക്കി മൂന്നു ദിവസത്തെ 'ജോസഫ് – ഇന്നർ ജേർണി' (Psycho Spiritual Inner Healing Workshop) ശില്പശാല പെരിങ്ങണ്ടൂർ ടിംഹാൻസിൽ (TIMHANS) വെച്ച് സംഘടിപ്പിച്ചു.

ടിംഹാൻസ് ഡയറക്ടർ റവ. ഫാ. ഡോ. ജോബി കടപ്പൂരാൻ, തൃശ്ശൂർ ഫാമിലി റീകൺസിലിയേഷൻ ഓഫീസ് കോ-ഓർഡിനേറ്റർ റവ. ഫാ. അലക്സ് മരോട്ടിക്കൽ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. ഇൻ-പുട്ട് സെഷനുകൾ, വ്യക്തിഗത

കൗൺസിലിംഗ്, ആന്തരിക സൗഖ്യ ശുശ്രൂഷകൾ, വിവിധ ആക്റ്റിവിറ്റികൾ, ആർട്ട് തെറാപ്പി, വ്യക്തിത്വ വിലയിരുത്തലുകൾ (Assessments) തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് ശില്പശാല നടത്തിയത്.

**ഏകദിന വിനോദയാത്ര:**

2026 ജൂലൈ 18 ശനിയാഴ്ച സെമിനാരി സഹോദരങ്ങൾക്കായി ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. പഠന-പരിശീലന തിരക്കുകളിൽ നിന്ന് മാറി പ്രകൃതിഭംഗി ആസ്വദിക്കാനും, സൗഹൃദം പങ്കുവെക്കാനും ലഭിച്ച ഈ ദിനം വിദ്യാർത്ഥികൾക്ക് നവോന്മേഷം പകർന്നു. സഹോദര്യബന്ധം കൂടുതൽ ദൃഢമാക്കാനും പരസ്പരം കൂടുതൽ അടുത്തറിയാനും ഈ ഔട്ടിംഗ് ഏറെ സഹായകരമായി മാറി.

• **അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും ക്ലാസ്സുകളും**

• മാർ ടോണി നീലങ്കാവിൽ പിതാവ് ജൂലൈ 22-ന് സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ക്ലാസ്സ് നയിക്കുകയും ചെയ്തു. പിതാവിന്റെ ജന്മദിനത്തോട് അനുബന്ധിച്ച് അന്നേദിവസം ആശംസകളും പ്രാർത്ഥനകളും നേർന്നു. തുടർന്ന് ആഗസ്റ്റ് 10-നും പിതാവ് വിശുദ്ധ കുർബാനയർപ്പിച്ച് ക്ലാസ്സ് എടുത്തു.

**പ്രതിമാസ ധ്യാനം** (Monthly Recollections):

സെമിനാരി സമൂഹത്തിന്റെ ആത്മീയ നവീകരണവും വിശുദ്ധീകരണവും ലക്ഷ്യമാക്കി പ്രതിമാസ ധ്യാനങ്ങൾ ഭക്തി പൂർവ്വം നടത്തപ്പെട്ടു.

• 2026 ജൂലൈ 25, ശനിയാഴ്ച (വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ ദിനം): രാവിലെ 9.30-ന് ബഹുമാനപ്പെട്ട ഫാ. അജിത് കൊള്ളന്നൂർ വചനസന്ദേശം നൽകി. തുടർന്ന് 11.00-ന് ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടത്തപ്പെട്ടു.

• 2026 ആഗസ്റ്റ് 8, ശനിയാഴ്ച (വി. ഡൊമിനിക്കിന്റെ തിരുനാൾ ദിനം): രാവിലെ 9.30-ന് ബഹുമാനപ്പെട്ട ഫാ. ബിജോയ് പൊൻപറമ്പിൽ ആത്മീയപ്രഭാഷണം നയിക്കുകയും ധ്യാനചിന്തകൾ പങ്കുവെക്കുകയും ചെയ്തു. തുടർന്നുള്ള ആരാധനയും പ്രാർത്ഥനകളും സെമിനാരി വിദ്യാർത്ഥികൾക്ക് ആത്മീയ ഉണർവ് പകർന്നു.

• അതിരൂപതാ വിയാനി ദിനാഘോഷം (Archdiocesan Vianney Day & Clergy Conference – July 30):

ജൂലൈ 30-ന് സെമിനാരിയിൽ വെച്ച് അതിരൂപതാ വൈദിക സംഗമവും വിയാനി ദിനാഘോഷവും സംഘടിപ്പിച്ചു. രാവിലെ 10.30-ന് വിശുദ്ധ കുർബാന, സ്നേഹവിരുന്ന് (Agape), വൈദിക

സമ്മേളനം (Priests' Conference), എന്നിവ ഉണ്ടായിരുന്നു.

ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൻറെ സുവർണ്ണ ജൂബിലിയും അഞ്ച് വൈദികരുടെ രജത ജൂബിലിയും സമുചിതമായി ആഘോഷിച്ചു. മൈനർ സെമിനാരി വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ ‘നിസ്വൻ’ എന്ന നാടകവും അരങ്ങേറി.

ആഗസ്റ്റ് 4-ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സെമിനാരി സമൂഹം ഭക്തിപൂർവ്വം ആഘോഷിച്ചു.

• **പരീക്ഷാ ഒരുക്കം:**

ആഗസ്റ്റ് 10 മുതൽ വിദ്യാർത്ഥികൾ പരീക്ഷാ തയ്യാറെടുപ്പുകളിലേക്കും പഠനാവധിയിലേക്കും പ്രവേശിച്ചു.

ആഗസ്റ്റ് 21 മുതൽ 30 വരെ ഓണം അവധിയായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ:**

1. ശ്രീമതി ഹെൻസി റാഫേൽ, പള്ളിക്കുന്നത്ത് ഹൗസ്, അന്തിക്കാട്
2. ശ്രീ സിജോ ജോസ്, വടക്കേകുടി പാറയിൽ ഹൗസ്, കുരിയച്ചിറ
3. ശ്രീമതി നിർമ്മല ആന്റോ, കള്ളിയത്ത് ഹൗസ്, ഒല്ലൂർ
4. ശ്രീമതി റജീന
5. ശ്രീ ജെയ്സ ടി.പി., തെക്കേടം ഹൗസ്, ഊരകം
6. ശ്രീമതി മീന ജെ. പൊറത്തൂർ, W/o സണ്ണി സി. തരകൻ, തരകൻ മേലൂട്ട് ഹൗസ്, കൂനമ്മൂച്ചി
7. കത്തീഡ്രൽ ഡെക്കറേറ്റേഴ്സ്, ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ, തൃശ്ശൂർ
8. ജോസി പി ജോയ്
9. ശ്രീ മേജോ മാത്യു, കടമ്പമറ്റത്തിൽ ഹൗസ്, ചെമ്പൻകണ്ടം, വെട്ടുകാട്
10. ശ്രീമതി ബിന്നി ആന്റണി, C/O ബിന്ദു ആന്റണി, മടുക്കയിൽ മഠത്തിൽ ഹൗസ്, കുരിയച്ചിറ

ഉദാരമതികളായ എല്ലാ ഉപകാരികൾക്കും നന്ദി; ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ എത്രയും വാത്സല്യമുള്ള കുഞ്ഞുമക്കളെ ....

എല്ലാവർക്കും സുഖമാണോ?

മഴ ഇങ്ങനെ തകർത്തുപെയ്തുകൊണ്ടിരിക്കുകയാണല്ലോ! അസുഖങ്ങൾ വരാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. നിങ്ങളിൽ പലരും വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ചു എനിക്കും മറ്റു വൈദീകർക്കും കത്തുകളും ആശംസ കാർഡുകളും അയച്ചതിൽ ഒത്തിരി സന്തോഷം. കൂടാതെ എന്റെയും എല്ലാ അച്ചന്മാരുടെയും പ്രാർത്ഥനകളും അനുഗ്രഹങ്ങളും നിങ്ങൾക്ക് നേരുവാനും ഞാൻ ആഗ്രഹിക്കുന്നു.

ഈശോയെ സ്നേഹിക്കുകയും ഈശോയിൽ ആശ്രയിക്കുകയും ചെയ്യുന്ന ഒരു മകനും മകളും ഒരിക്കലും ജീവിതത്തിൽ തോറ്റു പോകാൻ ദൈവം അനുവദിക്കില്ല എന്നുള്ളത് സത്യമാണ്. അതുകൊണ്ട് എത്ര വൈകിയ വേളയിലായാലും ഈശോയിലേക്ക് അടുക്കാൻ നമുക്ക് സാധിക്കണം. ഈശോയുടെ പ്രിയപ്പെട്ട മക്കളായി വളരാൻ എല്ലാവരെയും സഹായിക്കുന്നത് പരിശുദ്ധ അമ്മയാണ്. അമ്മമാർ എന്നും തങ്ങളുടെ മക്കളെ നല്ല രീതിയിൽ വളർത്താൻ പരിശ്രമിക്കുകയും ഏതു കഷ്ടപ്പാടുകളും സഹനങ്ങളും ഏറ്റെടുക്കാൻ തയ്യാറാകുന്നവരുമാണ്. അത് എന്നും നാമെല്ലാവരും നമ്മുടെ അനുദിന ജീവിതത്തിലൂടെ അനുഭവിക്കുന്നവരുമാണ്.

അതുപോലെ മനുഷ്യമക്കളെ ഈശോയുടെ സ്നേഹത്തിൽ വളർത്താൻ ഈശോയിലേക്കു വളർത്താൻ ഏറെ സഹിക്കുകയും ത്യാഗങ്ങൾ ഏറ്റെടുക്കുകയും ചെയ്തവളാണ് പരിശുദ്ധ അമ്മ. അമ്മമാരുടെ ജന്മദിനങ്ങൾ നമ്മളിൽ ആരും തന്നെ മറക്കാൻ ഇടയില്ല അല്ലെ? അതുപോലെ ഒരു ക്രിസ്ത്യാനിയും ഒരിക്കലും മറക്കാൻ പാടില്ലാത്ത ഒരു അനുഗ്രഹത്തിന്റെ വലിയ സന്തോഷത്തിന്റെ സുദിനമാണ് സെപ്റ്റംബർ 8. നമ്മുടെ സ്വർഗ്ഗീയ അമ്മയായ പരിശുദ്ധ ദൈവമാതാവിന്റെ പിറന്നാൾ ദിനമാണത്! മാതാവിന്റെ വലിയ മാധ്യസ്ഥവും സംരക്ഷണവും തേടി നാം ഒന്നിച്ചു പ്രാർത്ഥിച്ച എട്ടുനോമ്പിന്റെ വിശുദ്ധമായ നാളുകൾക്ക് ശേഷമാണ് ഈ പെരുന്നാൾ ദിനം വന്നെത്തുന്നത്. എട്ടു നോമ്പ് എടുക്കുന്നതും

അതിലൂടെ നമ്മളെ ഒരുക്കുന്നതും ഏറെ പ്രശംസനീയമാണ്. മാതാപിതാക്കളോട് ചേർന്ന് പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനായി നമുക്ക് ഒരുങ്ങാം.

പരിശുദ്ധ അമ്മയുടെ ജീവിതം ദൈവത്തോടുള്ള പൂർണ്ണമായ അനുസരണത്തിന്റെയും സ്നേഹത്തിന്റെയും ഉത്തമ മാതൃകയാണ്. ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് മാതാവ് പറഞ്ഞു: 'ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ' (ലൂക്കാ 1:38). മാതാവ് ദൈവത്തിന്റെ വാക്കുകളിൽ വിശ്വസിച്ചതുപോലെ നിങ്ങളും ദൈവത്തിലും മാതാപിതാക്കളിലും എപ്പോഴും ഉറച്ചു വിശ്വസിക്കണം. കാരണം വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത്: 'ദൈവത്തിന് ഒന്നും അസാധ്യമല്ല' (ലൂക്കാ 1:37) എന്നാണ്.

പ്രിയപ്പെട്ട മക്കളെ, ഈശോയ്ക്ക് കുട്ടികളായ നിങ്ങളെ വളരെ ഇഷ്ടമാണ്. അതുകൊണ്ടാണ് സുവിശേഷത്തിൽ ഈശോ നമ്മോട് ഇപ്രകാരം പറയുന്നത്: 'കുട്ടികൾ എന്റെ അടുക്കൽ വരട്ടെ, അവരെ തടയരുത്; എന്തെന്നാൽ, ദൈവരാജ്യം അവരെപോലെയുള്ളവരുടേതാണ്' (മർക്കോസ് 10:14). യേശുവിന്റെ ഈ സ്നേഹം തിരിച്ചറിഞ്ഞ് പരിശുദ്ധ അമ്മയുടെ മക്കളായി ജീവിക്കാൻ നിങ്ങൾ ചില നല്ല ശീലങ്ങൾ വളർത്തിയെടുക്കണം: ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക, വചനം വായിക്കുകയും അതിന്റെ അർത്ഥവും വ്യാഖ്യാനങ്ങളും വൈദീകരോടും, സിസ്റ്റേഴ്സിനോടും, വിശ്വാസ പരിശീലകരോടും ചോദിച്ച മനസിലാക്കുകയും അതനുസരിച്ചു നല്ല മക്കളായി വളരാൻ പരിശ്രമിക്കുകയും ചെയ്യുക. ദിവസവും കുടുംബത്തോടൊപ്പം പ്രാർത്ഥിക്കുകയും പരിശുദ്ധ ജപമാല ചൊല്ലുകയും ചെയ്യുക. മാതാപിതാക്കളെയും അധ്യാപകരെയും മുതിർന്നവരെയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. കൂട്ടുകാരോട് കരുണയും എളിമയും കാണിച്ച് യേശുവിന്റെ കൊച്ചു സാക്ഷികളായി ജീവിക്കുക. നല്ല സൗഹൃദങ്ങൾ വളർത്തുകയും ചീത്ത കൂട്ടുകെട്ടുകളിൽ നിന്നും സ്വഭാവ ദൂഷ്യങ്ങളിൽ നിന്നും അകന്നിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. അങ്ങനെ പുണ്ണ്യങ്ങളിലും സുക്രതങ്ങളിലും വളർന്ന ഈശോയ്ക്ക് ഇഷ്ടപ്പെട്ട പരിശുദ്ധാൽമാവിന്റെ അഭിഷേകത്താൽ നിറഞ്ഞ മക്കളായി വളരാം.

ഈ മനോഹരമായ പിറന്നാൾ ദിനത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ മാതൃസഹജമായ സംരക്ഷണവും പിതാവായ ദൈവത്തിന്റെ അനുഗ്രഹങ്ങളും നിങ്ങള ഓരോരുത്തരുടെയും

മേലും നിങ്ങളുടെ കുടുംബങ്ങളുടെ മേലും സമൃദ്ധമായി ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

## ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

### 1. ഏകദിന സെമിനാർ

9, 8, 7, ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ജൂലായ് 19, 26, ആഗസ്റ്റ് 9 തിയതികളിലായി ഏകദിന സെമിനാറുകൾ നടന്നു. റവ. ഡോ. ആന്റോ പാണേങ്ങാടൻ, റവ. ഡോ. ടൈസൺ മണ്ടുംപാൽ, റവ. ഡോ. സൈജോ തൈക്കാട്ടിൽ, ശ്രീമതി ഷെറിൻ ഡേവിസ്, ശ്രീമതി ഡിംപിൾ ബെന്നി, ശ്രീമതി ഷാന്റി ജെ തട്ടിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. അധ്യാപക സഹായിയുടെ ഉപയോഗം, ലെസൺ പ്ലാനിങ്ങ്, പാഠപുസ്തകങ്ങളുടെ അവതരണം, ക്ലാസ്സ് പി.ടി.എ. യെക്കുറിച്ചുള്ള അവതരണം എന്നിവ ഉണ്ടായിരുന്നു. മൂന്ന് ആഴ്ചകളിലായി 750 വിശ്വാസപരിശീലകർ പങ്കെടുത്തു.

### 2. ക്രിസ്ഫോം

എ.സി.സി., 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ 3,4 ബാച്ചുകൾ ജൂലായ് 24-26, 31-ആഗസ്റ്റ് 2 തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 109 വിദ്യാർത്ഥികൾ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

### 3. മാജിസ്

7, 12 ക്ലാസ്സുകാർക്കായി നടത്തുന്ന മാജിസ് കോഴ്സിൽ 7-ാം ക്ലാസ്സിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആഗസ്റ്റ് 1ന് ഡി.ബി.സി.എൽ.സി.യിൽ നടത്തി. 198 പേർ സെലക്റ്റായതിൽ 164 വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രൊഫ. ഡോ. മാണി കെ പീറ്റർ എക്സൽ അക്കാദമി ഹെഡ്, ശ്രീ. സോണി വർഗ്ഗീസ് ഏഡൻ ട്രസ്റ്റ് സെക്രട്ടറി, ടാലന്റ് മിനിസ്ട്രി കോഡിനേറ്റർ ശ്രീ. ബേബി നിരപ്പേൽ, ശ്രീമതി സ്റ്റിജി ജോസ് ടി. അസി.

പ്രൊഫ. ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട എന്നിവർ ക്ലാസ്സുകൾ നയിച്ചു. വിശ്വാസപരിശീലന ഡയറക്ടർ ഡോ. സൈജോ തൈക്കാട്ടിൽ, അസി. ഡയറക്ടർ ഡോ. ഫ്രാൻസൊ തെക്കത്ത്, മാജിസ് ആനിമേറ്റർ സി. കാർമൽ മരിയ സി.എസ്.എം എന്നിവർ നേതൃത്വം നൽകി.

## II. പൊതു അറിയിപ്പുകൾ

1. പ്രിൻസിപ്പൽ കോൺഫ്രൻസ് – സെപ്റ്റംബർ 20, (02 PM to 5PM, DBCLC)
2. അർദ്ധവാർഷിക ചോദ്യപേപ്പർ വിതരണം – സെപ്റ്റംബർ 28, 29, 30 തിയതികളിൽ ഉച്ചതിരിഞ്ഞ് 2 മുതൽ 6 വരെയുള്ള സമയത്ത് വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്നതാണ്.
3. അർദ്ധവാർഷിക പരീക്ഷകൾ
   ഒക്ടോബർ 04 : Std. I, III, V, VII, IX, XI, ACC
   ഒക്ടോബർ 11 : Std. II, IV, VI, VIII, X, XII
4. ഒക്ടോബർ മാസത്തെ ഏകദിന സെമിനാർ

   ക്ലാസ്സടിസ്ഥാനത്തിൽ വിശ്വാസപരിശീലകരെ പങ്കെടുപ്പിക്കുക. ഒക്ടോബർ 4 - Nursery, ഒക്ടോബർ 11 – Std. I, ഒക്ടോബർ 18- Additional Teachers
5. ഒക്ടോബർ മാസത്തെ ക്രിസ്ഫോം കോഴ്സുകൾ
   പങ്കെടുക്കേണ്ട ഫൊറോനകൾ
   ഒകടോബർ 16–18 ബാച്ച് 8 (തൃശ്ശൂർ ലൂർദ്ദ്, പട്ടിക്കാട്)
   ഒകടോബർ 23–25 ബാച്ച് 9 (വേലൂർ, പഴുവിൽ)

   ഒകടോബർ 30– നവംബർ 1 ബാച്ച് 10 (ബാച്ച് 5 മുതൽ 9 വരെയുള്ള ബാച്ചുകളിലെ ഫൊറോനകൾക്കായി (മറ്റം, വടക്കാഞ്ചേരി, പാലയൂർ, പുത്തൂർ, ലൂർദ്ദ്, പട്ടിക്കാട്) നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി)
6. ഇടവകകളിൽ ക്ലാസ്സ് പി. ടി. എ: കൂടേണ്ടത്
   സെപ്റ്റംബർ 6 - Std. IV, V
   ഒകടോബർ 18- Std. II, III
   ഒകടോബർ 25- Std.I, Nursery
7. ബേസിക് സിടിസി – ബാച്ച് 1 ഒക്ടോബർ 19–21 (തിങ്കൾ– ബുധൻ)
8. അർദ്ധദിന സെമിനാർ : വിശ്വാസപരിശീലകരായ സെമിനാരി വിദ്യാർത്ഥികൾക്ക്, ഒക്ടോബർ 25, 2 മണി മുതൽ 5 മണി വരെ ഡി ബി സി എൽ സി യിൽ.

## III. വിശ്വാസപരിശീലകർക്കുള്ള കോഴ്സുകളും സെമിനാറുകളും - സെപ്റ്റംബർ

1. വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാറുകൾ

    സെപ്റ്റംബർ 6 : 3-ാം ക്ലാസ്സ്

    സെപ്റ്റംബർ 13 : 2-ാം ക്ലാസ്സ്

    (9.30 AM - 04.30 PM; ഡി. ബി. സി. എൽ. സി.)

    മേൽപറഞ്ഞ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർ അവർക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്. വിശ്വാസപരിശീലകർ ടെക്സ്റ്റ് ബുക്ക്, അധ്യാപക സഹായി, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടു വരേണ്ടതാണ്.

## IV. സ്കൂൾ കാറ്റകിസം

1. അർദ്ധവാർഷിക പരീക്ഷ - സെപ്റ്റംബർ 25 വെള്ളി

    കാലത്ത് - I, III, V, VII, IX, XI

    ഉച്ചകഴിഞ്ഞ് - II, IV, VI, VIII, X, XII

## V. യാത്രാമംഗളങ്ങൾ

റവ. ഡോ. ഫ്രാൻസൊ തെക്കത്ത്

2026 മാർച്ച് 18 മുതൽ 2026 ആഗസ്റ്റ് 20 വരെ അതിരൂപത വിശ്വാസപരിശീലന ശുശ്രൂഷാകേന്ദ്രത്തിൽ അസി. ഡയറക്ടറായി ചുമതല വഹിച്ചു. വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി നടത്തുന്ന പരിശീലന പരിപാടികൾ, വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും നടത്തുന്ന വിവിധ പരീക്ഷകൾ, സംവാദസദസ്സിനോടനുബന്ധിച്ച് യൂണിറ്റുകളിൽ സന്ദർശനം എന്നിങ്ങനെ പലമേഖലകളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. റോമിലെ ഉർബൻ സെമിനാരിയിൽ വൈസ് റെക്ടറായി നിയമിതനായ ബഹു. ഫ്രാൻസൊ അച്ചന് യാത്രാമംഗളങ്ങൾ നേരുന്നു. ബഹു. ഫ്രാൻസൊ അച്ചന്റെ സേവനങ്ങൾക്ക് നന്ദിയർപ്പിക്കുന്നതോടൊപ്പം പുതിയ ദൗത്യങ്ങൾ അർപ്പണബോധത്തോടെ നിർവ്വഹിക്കുന്നതിന് എല്ലാവിധ മംഗളങ്ങളും അതിരൂപത വിശ്വാസപരിശീലന ശുശ്രൂഷയുടെ പേരിൽ നേരുന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ,** ഡയറക്ടർ

**ഫാ. ഫ്രാൻസോ തെക്കത്ത്,** അസി. ഡയറക്ടർ

# INSTITUTE OF THEOLOGY

## TRICHUR D B C L C

**(Phone : 0487- 2333245, Mob : 9188131341)**

**1. കോഴ്സ്സുകൾ**

a. B.A. in Theology and Religious Studies (Three Years)

ഫസ്റ്റ് സെമസ്റ്ററിലെ Introduction to Theology and Theological Method (Rev. Dr. Lijo Chalissery), Mark and Synoptic Problem (Rev. Dr. Johnson Achandy), History of Philosophy (Rev. Dr. Sinto Porathur), Introduction to Hinduism (Rev. Dr. Jibin Thazhekadan) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

b. Certificate Course in Theology (One Year)

ആഗസ്റ്റ് 16, 30 തിയ്യതികളിൽ കേരളത്തിലെ ക്രൈസ്തവസഭകൾ (Rev. Dr. Demin Tharayil), ധാർമ്മികദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Taison Mandumpal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

c. Advanced Certificate Course in Theology (Six Months)

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും പതിനൊന്നോളം സന്യാസിനികൾ പങ്കെടുക്കുന്നു.

d. Certificate Course on Sacred Liturgy

ആഗസ്റ്റ് 09, 16, 30 എന്ന തിയ്യതികളിൽ ആരാധനാക്രമത്തിനൊരാമുഖം

(Rev. Dr. Johnson Chittilapplly), വിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രം

(Rev. Dr. Sebastian Chalackal), ആരാധനാ ക്രമവത്സരദൈവശാസ്ത്രം (Rev. Dr. Sr. Agnes CHF) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

e. Catechism of the Catholic Church (CCC)

ആഗസ്റ്റ് 12, 23, 30 തിയ്യതികളിൽ The life of prayer (Rev. Dr. Sr. Pradeepa CMC), The last things: death, Judgement, heaven, & hell (Rev. Dr. Sebastian Chalackal), The lord's prayer & christian hope (Rev. Fr. Shinto Thombiyil SDV), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

f. Certificate Course on Guidance and Counselling

ആഗസ്റ്റ് 09, 23 എന്ന തിയ്യതി General Psychology & Personality Theories (Rev. Dr. Rekha Nellankavil CHF), എന്നീ വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

g. Certificate Course on Sacraments and Sacramentals

ആഗസ്റ്റ് 09, 16, തിയ്യതികളിൽ കൂദാശ ദൈവശാസ്ത്രം : ആധുനിക ദൈവശാസ്ത വിശകലനങ്ങൾ (Rev. Fr. Justin Thekkanath), വി. കുർബ്ബാന (Rev. Dr. Sebastian Chalackal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ

**ഫാ. ഫ്രാൻസോ തെക്കത്ത്**, ഡീൻ & രജിസ്ട്രാർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**പനി വ്യാപനത്തിന് ജൂബിലിയിൽ ചെക്ക്**

പനി വ്യാപനം ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ആശ്വാസമായി വൈകുന്നേരങ്ങളിൽ പ്രത്യേക 'ഫീവർ ക്ലീനിക്ക്' ആരംഭിച്ചു. ദിവസവും വൈകുന്നേരം 4.30 മുതൽ 7 വരെ ക്ലിനിക്ക് പ്രവർത്തിക്കും. സ്കൂൾ സമയം കഴിഞ്ഞ് വിദ്യാർത്ഥികൾക്കും ജോലി സമയം കഴിഞ്ഞ് ജോലികാർക്കും സൗകര്യപ്രദമായി ഡോക്ടറെ കാണുന്നതിനായാണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഫാർമസി, ലാബ് പരിശോധനകൾ, എക്സ്-റേ, സ്കാനിംഗ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സൗകര്യങ്ങളും ഈ സമയത്ത് ലഭ്യമാണ്.

നിലവിലെ പനി വ്യാപന സാഹചര്യത്തിൽ പൊതുജനങ്ങൾ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു. ഫീവർ ക്ലിനിക്കിനൊപ്പം ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, സർജറി, ഗൈനക്കോളജി തുടങ്ങിയ മറ്റ് വിഭാഗങ്ങളുടേയും ഒ.പി. സേവനം വൈകുന്നേരങ്ങളിൽ ലഭ്യമാണ്.

ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയനോടൊപ്പം സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് എന്നിവർ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

### ജൂബിലിയിൽ എക്സാംതലോൺ എക്സ്'

എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന "Examthalon X - A Decade of Excellence" എന്ന ദേശീയതല എമർജൻസി മെഡിസിൻ ബോർഡ് പരീക്ഷാ സിമുലേഷനും റെസിഡന്റ് സമ്മിറ്റും ആരംഭിച്ചു. എമർജൻസി മെഡിസിൻ അസോസിയേഷന്റെ (EMA) ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അധ്യാപകരും ബിരുദാനന്തര വിദ്യാർത്ഥികളും പങ്കെടുക്കുന്നു. ബഹുവിഷയ കേസ് ചർച്ചകൾ, അപ്ഡേറ്റ് സെഷനുകൾ, പ്രായോഗിക പരീക്ഷാ സിമുലേഷനുകൾ എന്നിവ പരിപാടിയുടെ ഭാഗമാണ്.

### ടോഗ്സികോൺ 2026-ൽ ജൂബിലി ഡോക്ടർക്ക് ഒന്നാം സ്ഥാനം

ടോഗ്സികോൺ 2026 അന്താരാഷ്ട്ര സമ്മേളനത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രസവ-സ്ത്രീരോഗ വിഭാഗം ഡോക്ടർ ഡോ. ഭാഗ്യശ്രീക്ക് ഗവേഷണ പ്രബന്ധത്തിന് ഒന്നാം സമ്മാനം ലഭിച്ചു. തൃശ്ശൂരിലെ ഹയാത്ത് റീജൻസിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിലാണ് ഡോ. ഭാഗ്യശ്രീ അവതരിപ്പിച്ച – 'Association of Serum Fructosamine and HbA1c with the Neonatal outcome in Women with GDM' – എന്ന ഗവേഷണ പ്രബന്ധം മികച്ച പ്രബന്ധമായി തിരഞ്ഞെടുക്കപ്പെട്ടത്. ഗർഭകാല പ്രമേഹമുള്ള സ്ത്രീകളിൽ സെറം ഫ്രക്ടോസാമിനും HbA1c-യും നവജാതശിശുക്കളുടെ ആരോഗ്യഫലങ്ങളുമായി എങ്ങിനെ ബന്ധപെട്ടിരിക്കുന്നു എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ ഗവേഷണമാണ് ഒന്നാം സ്ഥാനത്തിന് അർഹമായത്.

### 'ഫ്രം സ്കിൻ ടു സ്ലൈഡ്'ശില്പശാല ജൂബിലിയിൽ

ഐ.എ.ഡി.വി.എൽ. കേരളയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഗവേഷണ സ്ഥാപനത്തിലെ ഡെർമറ്റോളജി, പാത്തോളജി വിഭാഗങ്ങളും സംയുക്തമായി സംഘടിപ്പിച്ച 'ഫ്രം സ്കിൻ ടു സ്ലൈഡ് ഡീകോഡിംഗ് ഡെർമറ്റോപാത്തോളജി' ശിൽപശാല ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ഐ.എ.ഡി.വി.എൽ കേരള പ്രസിഡന്റ് ഡോ. ഡേവിഡ് പുതുക്കാടൻ ഉൾപ്പെടെ നിരവധി പ്രമുഖർ ശിൽപശാലയിൽ പങ്കെടുത്തു. ഡെർമറ്റോപാത്തോളജിയിലെ വിവിധ വിഷയങ്ങളിൽ ഏഴ് വിദഗ്ധ പ്രഭാഷണങ്ങളും തുടർന്ന് സൂക്ഷ്മദർശിനിയിലൂടെ സ്ലൈഡ് പഠനവും കേസ് ചർച്ചകളും നടന്നു.

### ജൂബിലി നേഴ്സിങ്ങ് കോളേജിന് എ പ്ലസ് അംഗീകാരം

കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് നഴ്സിങ്ങ് കോളേജുകളിൽ ഗുണനിലവാരമുള്ള വിദ്യഭ്യാസ

രീതികളും അക്കാദമിക് മികവും ഉറപ്പുവരുത്തുന്ന ക്യു.എ.എസ്. വിലയിരുത്തലിൽ ഏറ്റവും ഉയർന്ന ഗ്രേഡായ എ പ്ലസ് ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് കരസ്ഥമാക്കി. പ്രസ്തുത അവാർഡ് ദാന ചടങ്ങും 'നാഷണൽ എഡ്യുക്കേഷൻ പോളിസി ആന്റ് ക്വാളിറ്റി എൻഹാൻസ്മെന്റ്'എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാലയും നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമേൽ  പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശ്ശേരിയിലെ ബെർക്കുമൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ഡയറക്ടർ ഡോ. സൈമൺ തട്ടിൽ മുഖ്യ പ്രഭാഷണം നടത്തി. തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരും സ്റ്റാഫ് അംഗങ്ങളും ശില്പശാലയിൽ പങ്കെടുത്തു.

**പി.എച്ച്.ഡി. പ്രവേശനം**

തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റിന്റെ  കീഴിലുള്ള ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിൽ (JCMR) പി.എച്ച്.ഡി. പ്രോഗ്രാമിലേക്കുള്ള (ലൈഫ് സയൻസ് വിഭാഗം) അപേക്ഷകൾ ക്ഷണിക്കുന്നു.  മണിപ്പാൽ അക്കാദമി ഓഫ് ഹയർ എഡ്യുക്കേഷന്റെ (MAHE)-കീഴിലുള്ള ഈ പ്രോഗ്രാമിലേക്ക് ജൂനിയർ റിസേർച്ച് ഫെല്ലോഷിപ്പ് (JRF) യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.  ഒരു ദശാബ്ദത്തിലധികം മികച്ച ഗവേഷണവും ശാസ്ത്രീയ കണ്ടെത്തലുകളും നടത്തിയ ഈ കേന്ദ്രം ഉയർന്ന നിലവാരത്തിലുള്ള ഗവേഷണങ്ങൾക്ക് അവസരം നൽകുന്നു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- കെ.ഐ. ഫ്രാൻസിസ്, ബി.എസ്.എൻ.എൽ, തൃശ്ശൂർ
- സിസ്റ്റർ സൂസൻ, തരകൻ ഹൗസ്, മുണ്ടൂർ, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, ഈസ്റ്റേൺ ബസാർ, അരണാട്ടുകര, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

- മിനി ബ്രിഗ്സൺ, നെല്ലിക്കുന്ന്, തൃശ്ശൂർ
- ഡോ. ഷോജൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- C/o -ലേറ്റ് വൽസല കുട്ടപ്പൻ, എടത്തറ, തെക്കുംപാടം പി.ഒ., പട്ടിക്കാട്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുരിയൻ**

ഡയറക്ടർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി**

1. ഓർമ്മിക്കാൻ...ആചരിക്കാൻ...

4 വെള്ളി – ആദ്യവെള്ളി, വി. കുർബാന
5 ശനി – അധ്യാപകദിനം, വി. മദർ തെരേസയുടെ തിരുനാൾ
8 ചൊവ്വ – പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ
16 ബുധൻ – ഓസോൺ ദിനം
21 തിങ്കൾ – വി. മത്തായി ശ്ലീഹ
26 ശനി – വി. വിൻസെന്റ് ഡി പോൾ

**2. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പുവർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 10 വ്യാഴാചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/– രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് G.S.T. bill കൾ ഡിപാട്ട്മെന്റ് ആവശ്യപ്പെടുന്നതിനാൽ M.G. അപേക്ഷയോടൊപ്പം G.S.T. billകൾ സമർപ്പിക്കേണ്ടതാണ്.

**3. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്**

കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തൃശൂർ അതിരൂപത പ്രവർത്തന

വർഷ ഉദ്ഘാടനവും മെറിറ്റ്ഡെയും സംയുക്തമായി സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോയ് അടമ്പുകുളത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ ജോസ് കോനിക്കര പ്രവർത്തന വർഷകലണ്ടർ പ്രകാശനം ചെയ്തു. ഹോളിഫാമിലി പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ജെസിൻ തെരേസ്, ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന വൈസ് പ്രസിഡണ്ട് ബിജു. പി. ആന്റണി, സിസ്റ്റർ ജ്യോതിമരിയ, സ്റ്റാർലിൻ ഷിന്റോ എന്നിവർ സംസാരിച്ചു. അതിരൂപത ടീച്ചേഴ്സ് ഗിൽഡ് പ്രസിഡണ്ട് A D സാജു സ്വാഗതവും സെക്രട്ടറി ജോഫി സി മഞ്ഞളി നന്ദിയും രേഖപ്പെടുത്തി. പ്ളസ് ടു വിഭാഗത്തിൽ അതിരൂപതയിലെ മികച്ച വിദ്യാലയമായി ചേലക്കര LFGHSS സ്കൂളും SSLC വിഭാഗത്തിൽ മികച്ച വിദ്യാലയമായി പറപ്പൂർ സെൻറ് ജോൺസ് HSS സ്കൂളും തെരഞ്ഞെടുക്കപ്പെട്ടു. അതിരൂപതയിൽ പ്ളസ് ടു, SSLC വിഭാഗങ്ങളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങളേയും മുഴുവൻ വിഷയങ്ങളിലും A + നേടിയ ഗിൽഡ് അംഗങ്ങളുടെ മക്കളെയും ചടങ്ങിൽ ആദരിച്ചു. ജെലിപ്സ് പോൾ, N P ജാക്സൺ, കെ.ജെ സെബി, പി.ഡി ആന്റോ, ജോസ് പോൾ, സിനി ജോർജ്, സിസ്റ്റർ എലിസബത്ത്, P.K റെൻസ്, സിസ്റ്റർ ഷൈവി ജീസ്, മരിയ ട്രീബ, സിസ്റ്റർ മാരിയറ്റ് എന്നിവർ നേതൃത്വം നൽകി

**4. അധ്യാപക ദിനാശംസകൾ**

എല്ലാ അധ്യാപകർക്കും അധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. ജോയ് അടമ്പുകുളം**, മാനേജർ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 2,3,4 – 16,17,18 – 30, ഒക്ടോബർ 1,2. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ

ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി,**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**സുവർണജൂബിലി ആഘോഷം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷം 2026 സെപ്റ്റംബർ 19-ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നു.

**ഫാമിലി ഫെസ്റ്റ് - കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള കലാ സാഹിത്യ മത്സരങ്ങൾ**

സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ ഫൊറോന തലത്തിലും ഒക്ടോബർ 10,11,18 തിയ്യതികളിൽ അതിരൂപത തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. കലാസാഹിത്യ മത്സരങ്ങളെ കുറിച്ചുള്ള വിശദവിവരങ്ങൾ കുടുംബകൂട്ടായ്മ വാടസ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്.

**കുട്ടികൂട്ടായ്മ മത്സരങ്ങൾ**

1. കൈയ്യെഴുത്ത് മാസിക മൽസരം - തൃശ്ശൂർ അതിരൂപതയിലെ ഇടവകകളിൽ പ്രവർത്തിക്കുന്ന കുട്ടികൂട്ടായ്മകളിലെ കുട്ടികൾക്ക് വേണ്ടി 'ജീവിതപാതയിലെ എന്റെ ഈശോ' എന്ന വിഷയത്തെ ആധാരമാക്കി ഒരു കൈയ്യെഴുത്ത് മാസിക മൽസരം അതിരൂപത കുടുംബകൂട്ടായ്മ സംഘടിപ്പിക്കുന്നു.

2. കുടുംബകൂട്ടായ്മ ആന്തം മൽസരം - കുട്ടിക്കുട്ടായ്മകൾക്ക് കുടുംബകൂട്ടായ്മ ആന്തം ഗ്രൂപ്പ് സോങ്ങ് മൽസരം നടത്തുന്നു. കുട്ടി കൂട്ടായ്മ അംഗങ്ങൾ ചേർന്ന് ആന്തം ഒരുമിച്ച് കരോക്കെയുടെ സഹായത്തോടെ പാടുന്നത് വീഡിയോ എടുത്ത് എഡിറ്റ് ചെയ്യാതെ അയക്കുകയാണ് ചെയ്യേണ്ടത്.

3. മാതൃക കുട്ടികൂട്ടായ്മ പുരസ്കാരം – കുട്ടികൂട്ടായ്മകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഒരു യൂണിറ്റിൽ പ്രവർത്തിക്കുന്ന മാതൃക കുട്ടികൂട്ടായ്മക്ക് പുരസ്ക്കാരങ്ങൾ നൽകുന്നു. ഇതിനായി 2026 ജൂലായ് മാസം മുതൽ 2027 ജൂൺ വരെയുള്ള കാലയളവിലെ മികച്ച പ്രവർത്തനം നടത്തിയ കുട്ടി കൂട്ടായ്മകളുടെ വിശദമായ റിപ്പോർട്ട്, ഫോട്ടോകൾ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെയാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്.

**ഉണർവ് – 2026**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2026 എറവ്, ഒല്ലൂർ മേരിമാത ഇടവകയിൽ നടത്തി. ഉണർവ്വ് – 2026 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ,** അസി. ഡയറക്ടർ
**പ്രൊഫ. ജോർജ്ജ് അലക്സ്**, ജനറൽ കൺവീനർ
**എ. ഡി. ഷാജു**, ജനറൽ സെക്രട്ടറി

# മാതൃവേദി

**മാതൃവേദി ദിനം (പതാകദിനം)**

പരിശുദ്ധ അമ്മയുടെ ജനനതിരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 8 ചൊവ്വാഴ്ച്ച മാതൃവേദി ദിനമായി നമ്മൾ ആചരിക്കുന്നു. അന്നേദിവസം മാതൃവേദി അംഗങ്ങൾ വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം കൊടുത്തും വിശുദ്ധ കുർബ്ബാനയിൽ കാഴ്ചസമർപ്പണം നടത്തിയും കുർബ്ബാനയ്ക്ക് ശേഷം മാതൃവേദിയുടെ പതാക ഉയർത്തിയും പതാക ഉയർത്തുമ്പോൾ സീറോ മലബാർ മാതൃവേദിയുടെ ആന്തം ആലപിച്ചും മാതൃവേദി ദിനം ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. മാതൃവേദി അംഗങ്ങൾക്ക് വേണ്ടി സ്നേഹവിരുന്ന് നടത്തുന്നതും അന്നേദിനം വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത ദൈവജനത്തിന് നേർച്ച കൊടുക്കുന്നതും അഭികാമ്യമാണ്. പതാക ആവശ്യമുള്ളവർ മാതൃവേദിയുടെ ഓഫീസിൽ നിന്ന് വാങ്ങിക്കാവുന്നതാണ്. മാതൃവേദിയുടെ നേതൃത്വത്തിൽ

പ്രാർത്ഥനാ ശൃംഖല (പ്രയർവാർ) കൃത്യമായി നടന്നുകൊണ്ടിരിക്കുന്നു.

**സീറോമലബാർ സഭ ചരിത്ര പഠന പരമ്പര ക്ലാസ്സ്**

മാതൃവേദി അംഗങ്ങൾക്കായി  തിരുഹൃദയ ആരാധനയും സീറോ മലബാർ സഭ ചരിത്ര പഠന പരമ്പരയെ കുറിച്ചുള്ള മൂന്നാമത്തെ ക്ലാസ് സെപ്റ്റംബർ 15-ാം തിയതി ചൊവ്വാഴ്ച 1.30 മുതൽ 4.00 വരെ സംഘടിപ്പിക്കുന്നു. മാതൃവേദി അമ്മമാരെ പ്രത്യേകം ക്ഷണിക്കുന്നു.

**വി മദർ തെരേസ കാരുണ്യദിനം**

എന്റെ ഏറ്റവും വലിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ  എനിക്ക് തന്നെയാണ് ചെയ്തുതന്നത് (മത്താ. 25:40). എന്ന തിരുവചനം ഉൾക്കൊണ്ടുകൊണ്ട് മാതൃവേദി അംഗങ്ങൾക്കായി വി.മദർ തെരേസ കാരുണ്യദിനമായി സെപ്റ്റംബർ 5-ാം തിയ്യതി ഇടവകകളിൽ ആചരിക്കുന്നു.`

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല ബിജു**, പ്രസിഡണ്ട്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 7 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും  നേതൃത്വത്തിൽ നല്ല

കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചുട്ടുള്ള ഏലീശ്വാ സഹഗമനം സെപ്റ്റംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും സെപ്റ്റംബർ 13-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് അദ്ധ്യാപക സെമിനാർ**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക-അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 21 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്



# പിതൃവേദി

**പിതൃവേദി ഇടവക വാർത്തകൾ**

പനമുക്ക് ഇടവക പിതൃവേദിയുടെ പത്താം വാർഷിക ആഘോഷങ്ങൾ സമുചിതമായി കൊണ്ടാടി. അതിരൂപത ഡയറക്ടർ ബഹു. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി അച്ചൻ വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മുണ്ടൂർ ഇടവക പിതൃവേദിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ അംഗങ്ങളുടെ മക്കൾക്ക് മെമന്റോ നൽകി ആദരിച്ചു. കല്ലൂർ വെസ്റ്റ് ഇടവക പിതൃവേദിയുടെ നേതൃത്വത്തിൽ സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു.

**പിതൃവേദി സ്നേഹപ്രവൃത്തികൾ**

മുണ്ടൂർ പരിശുദ്ധ കർമ്മലമാതാ ദൈവാലയത്തിൽ പിതൃവേദിയുടെ നേതൃത്വത്തിൽ അർഹരായ വ്യക്തികളിലേക്ക് വസ്ത്രങ്ങൾ എത്തിക്കുവാനായി ക്ലോത്ത് ബാങ്ക് ആരംഭം കുറിച്ചു. വെങ്ങിണിശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിൽ പിതൃവേദി വാർഷികത്തോടനുബന്ധിച്ച് സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. വീണ്ടശ്ശേരി പിതൃവേദി യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിമാസം നടത്തിവരുന്ന പൊതിച്ചോറ് വിതരണം ജൂലൈ മാസത്തിലും വിജയകരമായി പൂർത്തിയാക്കി. കല്ലൂർ വെസ്റ്റ് ഇടവകയിലെ 90 വയസ്സ് പിന്നിട്ട മുതിർന്ന വ്യക്തികളെ വീടുകളിൽ സന്ദർശിച്ച് ആദരിക്കുകയും സ്നേഹസമ്മാനങ്ങൾ കൈമാറുകയും ചെയ്തു..

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ശ്രീ. ജോസഫ് പി. ടി** , പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' സെപ്റ്റംബർ 12-ാം തിയ്യതി കാച്ചേരി മഡോണ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ സെപ്റ്റംബർ 27-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഒക്ടോബർ - 9,10,11 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഒക്ടോബർ 9 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 11 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന് മറ്റൊരു പൊൻതൂവൽ**

അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ആനുകൂല്യങ്ങൾ കന്യാസ്ത്രീകൾക്കും അനുവദിച്ചുകൊണ്ടുള്ള സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിൽ വിവിധ സന്യാസിനി കോൺഗ്രിഗേഷനുകളിൽപ്പെട്ട ഏകദേശം 400-ഓളം സിസ്റ്റേഴ്സിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും വിജയകരമായി പൂർത്തീകരിച്ച് സർക്കാരിന് സമർപ്പിച്ച വിവരം സന്തോഷപൂർവം അറിയിക്കുന്നു.

ഇതിന് മുമ്പ്, തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിൽ 3,000-ത്തിലധികം വൈദികർക്കും സമർപ്പിതർക്കും റേഷൻ കാർഡിനുള്ള അപേക്ഷകൾ സമർപ്പിക്കുകയും അർഹരായവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തിരുന്നു.

അതിരൂപതയിലെ വൈദികർക്കും സമർപ്പിതർക്കും ദൈവജനത്തിനും വിവിധ സർക്കാർ ക്ഷേമപദ്ധതികളുടെയും സേവനങ്ങളുടെയും ആനുകൂല്യങ്ങൾ കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ഇതൊരു സുപ്രധാന നാഴികക്കല്ലാണ്.

ഇടവകകളിൽ പാരിഷ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ബന്ധപ്പെടുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ശ്രീ. ജോമി ജോൺസൻ,** കൺവീനർ
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ,** ജോ. കൺവീനർ

# പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**വെജിറ്റബിൾ ഗാർഡൻ**

പോപ്പ് പോൾ മേഴ്സിഹോമിലെ വൊക്കേഷണൽ സെക്ഷനിലെ വെജിറ്റബിൾ ഗാർഡൻ ഉദ്ഘാടനം ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനീഷ് ചിറ്റിലപ്പിള്ളി എന്നിവർ ചേർന്നു നിർവ്വഹിച്ചു.

**പോപ്പ് പോൾ മേഴ്സി ഹോമിന് അഭിനന്ദനങ്ങൾ**

മലയാളത്തിലെ എക്കാലത്തെയും വലിയ സൂപ്പർ ഹിറ്റ് ചിത്രമായ ഗോഡ്ഫാദർ സിനിമയിലെ കോമഡി രംഗം റീൽസായി പോപ്പ് പോൾ മേഴ്സി ഹോമിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ചത് 4 മില്യൺ Views കടന്നു.

പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ സ്കൂളിലെ വൈറൽ വീഡിയോയിലെ താരങ്ങൾ മനോരമ ന്യൂസ് 'ഹലോ കേരളം' പ്രോഗ്രാമിലും മറ്റു മാധ്യമങ്ങളിലും ഇടം നേടി.

മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ അനുസ്മരണദിനത്തിൽ പോപ്പ് പോൾ മേഴ്സിഹോമിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച 'മതിലുകൾ' എന്ന നോവലിലെ രംഗം റീൽസിന് അദ്ദേഹത്തിന്റെ മകൾ ഷാഹിന ബഷീറിൽ നിന്ന് സ്നേഹം നിറഞ്ഞ പ്രതികരണം ലഭിച്ചു.

**ഫ്രഷേഴ്സ് ഡേ**

പോപ്പ് പോൾ മേഴ്സി ഹോം ടീച്ചേഴ്സ് ട്രെയ്നിംങ്ങ് കോളേജിലെ 1st Year Special B.Ed ബാച്ചിന്റെ ഫ്രഷേഴ്സ് ഡേ നടത്തി.

**ജൂബിലി ഓഡിറ്റോറിയം ആശിർവ്വാദവും ഉദ്ഘാടനവും**

പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ സ്കൂളിലെ നവീകരിച്ച ജൂബിലി ഓഡിറ്റോറിയം ആശിർവ്വാദവും ഉദ്ഘാടനവും ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ്സ് താഴത്ത് നിർവ്വഹിച്ചു.

**ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ്സ് പിതാവിന്റെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചു**

ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ്സ് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി കേക്ക് മുറിച്ച് പോപ്പ് പോൾ മേഴ്സി ഹോമിലെ കുട്ടികളോടൊപ്പം ആഘോഷിച്ചു. വടക്കാഞ്ചേരി MLA ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി മുഖ്യാതിഥിയായിരുന്നു.

**ബ്ലസിങ്ങ് ഡേ**

പോപ്പ് പോൾ മേഴ്സി ഹോം ആശീർവദിക്കുന്നതിനോടനുബന്ധിച്ച് ഫാ. ബെൻവിൻ തട്ടിൽ സ്കൂൾ ഓഡിറ്റോറിയത്തിൽ ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിച്ചു. മേഴ്സിഹോമിലെ എല്ലാ ക്ലാസ് റൂമുകളും അനുബന്ധ പ്രവർത്തന സ്ഥാപനങ്ങളും ജോൺസനച്ചനും, അനീഷച്ചനും ചേർന്ന് ആശീർവ്വാദം നടത്തി.

**ഗാനമേള**

കലാസാംസ്കാരിക സംഘടനയായ തൃശ്ശൂർ ഗഡീസ്സ് പോപ്പ് പോൾ മേഴ്സി ഹോമിലെ കുട്ടികൾക്കായി 15 കലാകാരന്മാർ ചേർന്ന് ഗാനമേള നടത്തി.

**ദീപിക കളറിംങ്ങ് മത്സരം**

പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ സ്കൂളിലെ ഇരുപതോളം കുട്ടികൾ കളറിംങ്ങ്  മത്സരത്തിൽ പങ്കെടുത്തു.

**സ്വാതന്ത്ര്യ ദിനാഘോഷം**

80-ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് പതാക ഉയർത്തുകയും. കുട്ടികളും ടീച്ചേഴ്സും, ടീച്ചർ ട്രെയ്നീസും സ്വാതന്ത്ര്യ ദിനത്തിന്റെ വിവിധ രൂപഭാവങ്ങൾ കാലോചിതമായ സ്കിറ്റായും ഫ്ളാഷ് മോബ് ആയും നൃത്ത ചുവടുകളിലൂടെ അവതരിപ്പിച്ചു.

**സന്ദർശനം നടത്തി**

തൃശ്ശൂർ വിമല കോളേജ് (ഡിപ്പാർട്ടമെന്റ് ഓഫ് സോഷ്യൽ വർക്ക്), തൃശ്ശൂർ സെന്റ് തോമസ് കോളേജ് (ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വർക്ക്), ഗവ. കോളേജ് ഓഫ് നേഴ്സിങ്ങ് തൃശ്ശൂർ B.Sc (N) സ്റ്റുഡന്റ്സ്, സെന്റ് ജോസഫ് കോളേജ് ഇരിങ്ങാലക്കുട MSW സ്റ്റുഡന്റ്സ്, ജൂബിലി മിഷൻ, കോളേജ് ഓഫ് നേഴ്സിംങ്ങ് സ്റ്റുഡന്റ്സ്, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പാലപ്പെട്ടി, മലപ്പുറം എന്നീ സ്ഥാപനങ്ങളിൽ നിന്നും പോപ്പ് പോൾ മേഴ്സി ഹോമിൽ സന്ദർശനം നടത്തി.

**ഫാ. ജോൺസൺ അന്തിക്കാട്ട്**,
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**ഫൊറോന പ്രമോട്ടേഴ്സ് മീറ്റിംഗ്**

ആഗതമായിരിക്കുന്ന ഫൊറോന-അതിരൂപത കലാമത്സരങ്ങളുടെ നടത്തിപ്പും മത്സര ഇനങ്ങളുമായി ബന്ധപ്പെട്ട പുതിയ നിയമങ്ങളും ക്രമീകരണങ്ങളും വിലയിരുത്തുന്നതിനായി 2026 ജൂലൈ 21ന് ഡി.ബി.സി.എൽ.സി. ഹാളിൽ ഫൊറോന പ്രമോട്ടേഴ്സ് മീറ്റിംഗ് നടന്നു. യോഗത്തിൽ വരാനിരിക്കുന്ന കലാമത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. മത്സര ഇനങ്ങളുടെ നിയമങ്ങളിലും നിബന്ധനകളിലും വരുത്തിയ മാറ്റങ്ങൾ അവതരിപ്പിക്കുകയും അവയെക്കുറിച്ച് വ്യക്തത നൽകുകയും ചെയ്തു. രജിസ്ട്രേഷൻ, സ്കോറിംഗ്, വിധിനിർണയം, സർട്ടിഫിക്കറ്റുകൾ, ട്രോഫികൾ എന്നിവ സംബന്ധിച്ച പുതുക്കിയ മാർഗനിർദ്ദേശങ്ങളും യോഗത്തിൽ വിശദീകരിച്ചു. എല്ലാ ഫൊറോന കളിൽ നിന്നുമുള്ള പ്രമോട്ടർമാർ സജീവമായി പങ്കെടുത്ത യോഗം വരാനിരിക്കുന്ന മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനും ഏകീകൃത പ്രവർത്തനത്തിനും ശക്തമായ അടിത്തറ ഒരുക്കുന്നതായി മാറി.

**ഫൊറോനതല കലാ മത്സരങ്ങൾ 2026**

തിരുബാലസഖ്യം, അൾത്താരസംഘം ജൂനിയർ സി.എൽ.സി സംഘടനകളിലെ കുട്ടികൾക്കായുള്ള ഫൊറോനതല കലാമത്സരങ്ങൾ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ഫൊറോന കളിൽ നടത്തുന്നതായിരിക്കും. കലാമത്സരങ്ങൾക്കായുള്ള പൊതു നിർദേശങ്ങളും എൻട്രി ഫോമുകളും ഫൊറോനതലത്തിൽ നിങ്ങൾക്ക് ലഭിക്കുന്നതായിരിക്കും.

**സെയിന്റ്സ് ക്വിസ് 2026**

വിശുദ്ധരെക്കുറിച്ച് പഠിക്കുവാനും അവരുടെ ജീവിത മാതൃകകൾ അനുദിനം ഉൾക്കൊള്ളുവാനും തൃശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി.എൽ.സി.യും മിഷൻ ലീഗും സംയുക്തമായി വിശ്വാസപരിശീലന വിദ്യാർഥികൾക്കായി ഈ വർഷവും ടഅകചാട ഥഡകദ 2026 സംഘടിപ്പിക്കുന്നു.

ഇടവകതലം; 01 നവംബർ 2026

ഫൊറോനതലം : 29 നവംബർ 2026

അതിരൂപതാതലം : 03 ജനുവരി 2026

SUB JUNIOR (STD V TO VII), JUNIOR (STD VIII TO X), SENIOR (XI TO ACC) എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് SAINTS QUIZ 2026 ഈ വർഷം നടത്തുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ ചേർത്ത് 3 പേർ ഉൾപ്പെടുന്ന ഒരു ടീം ആണ് ഫൊറോനതലത്തിൽ മത്സരിക്കേണ്ടത്. ഓരോ ഫൊറോന യിലും ഒന്നാം സ്ഥാനത്തിന് അർഹമാകുന്ന ഒരു ടീമായിരിക്കും അതിരൂപതതലത്തിൽ മത്സരിക്കുന്നത്.

**പ്രാത്ഥിക്കാം പ്രവർത്തിക്കാം**

തിരുവചനം : ‘‘ദാഹർത്താരേ, ജലാശയത്തിലേക്കു വരുവിൻ’’ (ഏശയ്യ 55:1).

സുകൃത ജപം: യേശുവേ, സൃഷ്ടിയെ കരുതലോടെ സംരക്ഷിക്കുന്ന നല്ല പരിപാലകരായി ഞങ്ങളെ മാറ്റണമേ.

പ്രാർത്ഥനാ നിയോഗം: ജീവന്റെ അടിസ്ഥാനമായ ജലസ്രോതസ്സുകൾ നീതിയോടെയും സുസ്ഥിരമായും പരിപാലി ക്കപ്പെടുകയും, എല്ലാവർക്കും ഒരുപോലെ ശുദ്ധജലത്തിലേക്കുള്ള പ്രവേശനം ലഭിക്കുകയും ചെയ്യുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ**

വിശുദ്ധ ജൂസെപ്പേ അല്ലമാനോ (St. Giuseppe Allamano:1851–1926) കത്തോലിക്കാ സഭയിലെ പ്രമുഖനായ ഒരു ഇറ്റാലിയൻ വൈദിക നും ‘കൊൺസൊളാറ്റ മിഷനറി’ (Consolata Missionaries) സന്യാസ സമൂഹങ്ങളുടെ സ്ഥാപകനുമാണ്. 1851 ജനുവരി 21ന് ഇറ്റലിയിലെ പീഡ്മോണ്ടിലുള്ള കാസ്റ്റൽനുവോവോ ഡോൺ ബോസ്കോയിൽ ജനിച്ചു. ടൂറിനിൽ വെച്ച് വിശുദ്ധ ജോൺ ബോസ്കോയുടെ (ഡോൺ ബോസ്കോ) കീഴിലാണ് അദ്ദേഹം പഠനം പൂർത്തിയാക്കിയത്. 1873ൽ വൈദികപട്ടം സ്വീകരിച്ചു.1880ൽ, 29ാം വയസ്സിൽ ടൂറിനിലെ പ്രശസ്തമായ ‘ലാ കൊൺസൊളാറ്റ’ (La Consolata) ദൈവമാതാവിന്റെ തീർത്ഥാടന കേന്ദ്രത്തിന്റെ റെക്ടറായി നിയമിതനായി. 46 വർഷത്തോളം അദ്ദേഹം ഈ ചുമതല തുടർന്നു. 1901 ൽ വൈദികർക്കും സഹോദരങ്ങൾക്കുമായി Consolata Society for Foreign Missions (കൊൺസൊളാറ്റ മിഷനറിമാർ) സ്ഥാപിച്ചു.1910 ൽ Consolata Missionary Sisters എന്ന സന്യാസിനി സമൂഹത്തിനും തുടക്കമിട്ടു. 1902ൽ ആദ്യത്തെ മിഷനറിമാരെ കെനിയയിലേക്ക് അയച്ചു. തുടർന്ന് ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് മിഷനറി പ്രവർത്തനം വ്യാപിപ്പിച്ചു. 1990 ഒക്ടോബർ 7ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2024 ഒക്ടോബർ 20ന് ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ബ്രസീലിയൻ

ആമസോൺ വനമേഖലയിൽ ജാഗ്വാർ (കടുവ) ആക്രമിച്ചതിനെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ 'യാനോമാമി' (Yanomami) ഗോത്രവർഗ്ഗക്കാരനായ ഒരാൾക്ക് ലഭിച്ച അത്ഭുതകരമായ സൗഖ്യമാണ് അദ്ദേഹത്തിന്റെ വിശുദ്ധപദവിക്ക് ആധാരമായ അത്ഭുതമായി സഭ അംഗീകരിച്ചത്.

പ്രവർത്തനം : മഴക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന ഒരു കുടുംബത്തേയോ വ്യക്തിയേയോ നിങ്ങളാൽ കഴിയുന്ന വിധത്തിൽ സഹായിക്കുക.

**ഫാ. പോൾ മുട്ടത്ത്,** ഡയറക്ടർ

**സി. ജീജ** SSPC, കോർഡിനേറ്റർ

## മദ്യവിരുദ്ധസമിതി

**1. മധ്യമേഖല സമ്മേളനം – 26.07.26**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പാസ്റ്ററൽ സെന്ററിൽ മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. തൃശൂർ, ഇരിങ്ങാലക്കുട, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻപേട്ട് എന്നീ രൂപതകൾ സംയുക്തമായി സംഘടിപ്പിച്ച യോഗം തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ.

ജെയ്സൺ കൂനംപ്ലാക്കൽ ആണ് ഉദ്ഘാടനം ചെയ്തത്. മധ്യമേഖല പ്രസിഡന്റ് സാബു എടാട്ടുകാരൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മുഖ്യപ്രഭാഷകനായത് റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ശ്രീ. സാബു എടാട്ടുകാരൻ (പ്രസിഡന്റ്), ശ്രീ. ജോസ് വടക്കേത്തല (സെക്രട്ടറി) എന്നിവർ നയിക്കുന്ന പുതിയ ഭരണസമിതി നിലവിൽ വന്നു. ഇരിങ്ങാലക്കുട രൂപത ഡയരക്ടർ റവ. ഫാ ജോഷി കല്ലേലി, കോട്ടപ്പുറം രൂപത ആനിമേറ്റർ റവ. സി. ഗീത ചാനപറമ്പിൽ, സംസ്ഥാന സെക്രട്ടറി ശ്രീ. അന്തോണിക്കുട്ടി ചെതലൻ, പാലക്കാട് രൂപത പ്രസിഡന്റ് ഡോ. മാത്യു കല്ലടിക്കോട്, തൃശൂർ അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്. സി. തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ്, മധ്യമേഖല മുൻ സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ തുടങ്ങിയവർ

ആശംസയർപ്പിച്ച് പ്രസംഗിച്ചു. എല്ലാ രൂപതകളുടെയും റിപ്പോർട്ട് അവതരണം വേദിയിൽ അരങ്ങേറി. ശ്രീ. രാജു പാറപ്പുറം, ശ്രീ. ടി.വി. തോമസ്, ശ്രീ. കെ.സി. പ്രകാശ്, ശ്രീമതി മേഴ്സി തൊമ്മിക്കുഞ്ഞ്, ശ്രീ. റോബിൻ റാഫേൽ, ശ്രീ. ലിന്റോ ഫ്രാൻസീസ്, ശ്രീ. കൊച്ചുവർക്കി തരകൻ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സ്ത്രീജനങ്ങൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇറങ്ങണം – 26.07.26**

സ്ത്രീജനങ്ങൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇറങ്ങണം എന്ന് സമരിറ്റൻ സഭ സുപ്പീരിയർ ജനറൽ റവ. സി. അൽഫോൻസ സി.എസ്.എസ്. പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പട്ടിക്കാട് സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് ഫൊറോന ദൈവാലയത്തിൽ സംഘടിപ്പിച്ച വനിതാ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു സിസ്റ്റർ. തൃശൂർ അതിരൂപത വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സി തൊമ്മിക്കുഞ്ഞ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ആമുഖപ്രഭാഷണം നടത്തിയത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്.

മോചന ലഹരിവിരുദ്ധ കേന്ദ്രത്തിന്റെ ഉപദേഷ്ടാവായ ശ്രീമതി ലില്ലു മാത്യു മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. അതിരൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി ഉജ്ജ്വല ബിജു സന്ദേശം നൽകി.

**3. ക്വിറ്റ് ലികർ ഡേ ആചരണം – 09.08.26**

മദ്യ-ലഹരി വസ്തുക്കളുടെ ഉപഭോഗം ഇല്ലായ്മ ചെയ്യണം എന്ന് അതിരൂപത കുടുംബകൂട്ടായ്മാ പ്രസിഡന്റ് ഡോ. ജോർജ്ജ് അലക്സ് പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത കാളത്തോട് സെന്ററിൽ സംഘടിപ്പിച്ച ക്വിറ്റ് ലികർ ഡേ ആചരണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷനായി. ആമുഖപ്രഭാഷണം ചെയ്തത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്.

**4. 29-ാം വാർഷിക സമ്മേളനം**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ 29-ാം വാർഷിക സമ്മേളനം പുത്തൻപള്ളി ബസിലിക്ക ഹാളിൽ 02.10.2026 വെള്ളിയാഴ്ച ഗാന്ധിജയന്തി ദിനത്തിൽ സംഘടിപ്പിക്കുകയാണ്. ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി 26.07.26 ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ ഒരു സംഘാടക സമിതിക്ക് രൂപം നൽകി.

സംഘാടക സമിതി :

| | | |
|---|---|---|
| 1 | ചെയർമാൻ | : റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ |
| 2 | ജനറൽ കൺവീനർ | : ശ്രീ. സി.പി. ഡേവീസ് |
| 3 | പ്രോഗ്രാം | : ശ്രീമതി മേഴ്സി തൊമ്മിക്കുഞ്ഞ് |
| 4 | ഫൈനാൻസ് | : ശ്രീ. ടി.വി. തോമസ് |
| 5 | ഡെക്കറേഷൻ | : റവ. സി. എൻസ്വീഡ് |
| 6 | പബ്ലിസിറ്റി | : ശ്രീ. ജോസ് വടക്കേത്തല |
| 7 | റിസപ്ഷൻ | : ശ്രീമതി ആനീസ് ജോൺസൺ |
| 8 | സ്റ്റേജ് | : ശ്രീ. കെ.സി. പ്രകാശ് |
| 9 | ഫുഡ് | : ശ്രീ. രാജു പാറപ്പുറം |
| 10 | സ്മരണിക | : ശ്രീ. ലിന്റോ ഫ്രാൻസീസ് |

വാർഷിക സമ്മേളനത്തിന്റെ വിജയത്തിനും സാമ്പത്തിക സഹായ സമാഹരണത്തിനുമായി പ്രവർത്തകരെ പങ്കെടുപ്പിക്കുവാൻ എല്ലാവരും പരമാവധി സഹകരിക്കണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്ന

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ,** ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്,** പി.ആർ.ഒ.

## ലീജിയൻ ഓഫ് മേരി

തൃശൂർ അതിരൂപത ലീജിയൻ ഓഫ് മേരി സംഘടനയുടെ കമ്മീസിയം മീറ്റിംഗ് ബ്ര. സണ്ണി കാട്ടൂക്കാരന്റേയും, ഡയറക്ടർ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കരയുടേയും സാന്നിദ്ധ്യത്തിൽ നടന്നു. എല്ലാ കൂരിയകളിലും തിരഞ്ഞടുപ്പ് നടത്തിയതിന് ശേഷം കമ്മീസിയം തിരഞ്ഞെടുപ്പ് ഒക്ടോബറിൽ നടത്താനും തീരുമാനിച്ചു. ഓഗസ്റ്റ് 8 നു സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ആരാധനാദിനം വൻ വിജയമാക്കിയ എല്ലാ മരിയൻ സൈനികർക്കും കമ്മീസിയത്തിന്റെ പേരിൽ നന്ദി പറയുന്നു. ഫാ.എഡ്വിൻ അപ്പക്കോട്ടിൽ ആരാധനക്ക് നേതൃത്വം നൽകി. സെന്റ് മേരീസ് കോളേജ് സൈക്കോളജി അസി. പ്രൊഫസർ Sr. സ്റ്റെന്നി ഗ്രേസ് മരിയൻ സന്ദേശം നൽകി. സംഘടനാആദ്ധ്യാത്മിക നിയന്താവ് ഫാ . ഇഗ്നേഷ്യസ് നന്തിക്കര അച്ചന്റെ കാർമ്മിക

ത്വത്തിൽദിവ്യ ബലിയും ഉണ്ടായിരുന്നു. അച്ചന്റെ ആശീർവാദത്തോടുകൂടി ആരാധനാ ദിനം സമാപിച്ചു.

എന്നു

ഡയറക്ടർ **റവ. ഫാ. ഇഗ്നേഷ്യസ് നത്തിക്കര**

പ്രസിഡന്റ് **ബ്ര. സണ്ണി കാട്ടൂക്കാരൻ**

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**കരിസ്മാറ്റിക് നവീകരണത്തിന് പുതിയ നേതൃത്വം**

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണത്തിന് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. ജൂൺ 17ന് ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന ശുശ്രൂഷയ്ക്ക് KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോൺസൺ തൗണ്ടിയിൽ നേതൃത്വം നൽകി. രാവിലെ 9.30ന് ജപമാലയോടുകൂടി ശുശ്രൂഷ ആരംഭിച്ചു റവ. ഫാ. ജോൺസൺ തൗണ്ടിയിൽ സന്ദേശം നൽകി. സെക്രട്ടറി സാബു എം. വർഗീസ് തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് നേതൃത്വം നൽകി. തൃശ്ശൂർ അതിരൂപതയുടെ 16 ഫൊറോനകളിൽ നിന്നായി 200 ഓളം പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. 2026-28 കാലഘട്ടത്തിലേക്ക് കോ-ഓർഡിനേറ്റർ ഷാജു കെ.കെ, സെക്രട്ടറി സിനി അലക്സ്, ട്രഷറർ ടോമി അബ്രഹാം, സെബാസ്റ്റ്യൻ സി.ടി, ജോഷി, ജോൺസൺ കാക്കശ്ശേരി, ബേബി കെ.ടി., ലോളി റാഫി, ജീന ജോൺസൺ എന്നിവരെ തിരഞ്ഞെടുത്തു.

**പാരിഷ് മിനിസ്ട്രി**

അതിരൂപതയിലെ നവീകരണ ശുശ്രൂഷയിൽ വചനപ്രഘോഷണരംഗത്തും സ്പിരിച്വൽ ഷെയറിങ് മേഖലയിലും പ്രവർത്തിക്കുന്ന ശുശ്രൂഷകർക്ക് കോഴ്സിൽ പങ്കെടുത്ത് ഇന്റർവ്യൂവിൽ യോഗ്യതയുള്ളവർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തു. അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര വചന സന്ദേശം നൽകി. സോണൽ സർവീസ് ടീമിൽ നിന്നുള്ളവർക്ക് കാർഡ് വിതരണം ചെയ്തു. ഏകദേശം 270 ഓളം പേർക്ക് കാർഡുകൾ വിതരണം ചെയ്തു. ഫൊറോനതല തെരഞ്ഞെടുപ്പുകൾ ആരംഭിച്ചു

16 സബ് സോണുകളിലെ സർവീസ് ടീമുകളുടെ പുന:സംഘടന ഓഗസ്റ്റ് 16 മുതൽ ആരംഭിക്കുന്നു

**ഫാ. റോയ് വേളക്കൊമ്പിൽ,**

ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ

**തൃശ്ശൂർ സെൻട്രൽ കൗൺസിൽ**

തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർഥികൾക്ക് മാർ ജേക്കബ് തൂങ്കുഴി മെമ്മോറിയൽ സ്കോളർഷിപ്പ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നു.

വടക്കാഞ്ചേരി, ചേലക്കര,എരുമപ്പെട്ടി, വേലൂർ എന്നീ ഏരിയ കൗൺസിലുകൾ ഉൾപ്പെട്ട മേഖലയിൽ; കോൺഫ്രൻസ് ഭാരവാഹികൾക്കും, പുതിയ അംഗങ്ങൾക്കുമായി നിയമാവലി പഠന ക്ലാസ് സംഘടിപ്പിച്ചു.

അംഗങ്ങൾക്കുള്ള ക്വിസ്, പ്രസംഗം, ഉപന്യാസം, ക്രിസ്തീയ ഭക്തിഗാനം എന്നീ മത്സരങ്ങൾ എ.സി. തലത്തിലും, സി.സി. തലത്തിലും നടത്തി. സെൻട്രൽ കൗൺസിൽ അംഗങ്ങൾക്കായി ആഗസ്റ്റ് 1,2 തിയ്യതികളിൽ പട്ടിക്കാട് ദർശന പാസ്റ്റർ സെൻട്രലിൽ വെച്ച് ദ്വിദിന ക്യാമ്പ് നടത്തി.

സി.സി. തലത്തിൽ യുവജന കോഡിനേറ്റർമാരുടെ യോഗവും, യുവജന സംഗമവും വിൻസെൻഷ്യൽ കോംപ്ലക്സിൽ വെച്ച് നടത്തി. വിശുദ്ധ പിയർ ജോർജിയോ ക്രിസാറ്റിയുടെ തിരുനാൾ കോൺഫറൻസുകളിൽ ആഘോഷിച്ചു.

വേലൂർ ഏരിയ കൗൺസിലിന്റെ 58 ാം വാർഷികം തലക്കോട്ടുകര സെൻറ്. ഫ്രാൻസിസ് ദൈവാലയത്തിൽ വെച്ച് വെരി. റവ. ഫാ. ജയ്സൺ തെക്കുംപുറം ഉദ്ഘാടനം ചെയ്തു.

**റവ. ഫാ. ജിക്സൺ താഴത്ത്** , ആദ്ധ്യാത്മീകോപദേഷ്ടാവ്

**ബ്രദർ കെ. കെ. പോൾസൺ**, പ്രസിഡന്റ്

# കേരള ലേബർ മൂവ്മെന്റ്

**അർദ്ധ വാർഷിക ജനറൽ അസംബ്ലി**

നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിൽ വെച്ച് തൃശ്ശൂർ അതിരൂപത കെ എൽ എം അർദ്ധ വാർഷിക ജനറൽ അസംബ്ലി അതിരൂപതാ വികാരി ജനറൽ മോൺ. ജെയ്സൻ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ശ്രീമതി മോളി ജോബി അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ റവ.ഫാ. പോൾ മാളിയമ്മാവ് ആമുഖപ്രഭാഷണം നടത്തി.

അതിരൂപത ജനറൽ സെക്രട്ടറി ശ്രീ ബേബി വാഴക്കാല അർദ്ധ വാർഷിക റിപ്പോർട്ടും ട്രഷറർ ഫ്രൻജി ആന്റണി അർദ്ധ വാർഷിക വരവ് ചെലവ് കണക്കും വായിച്ച് യോഗം പാസാക്കി.

നെല്ലിക്കുന്ന് പള്ളി വികാരിയും, യൂണിറ്റ് ഡയറക്ടറുമായ റവ.ഫാ. പോൾസൺ തട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന മേഖല സെക്രട്ടറി ശ്രീ ബിജു ചിറയത്ത് അനുമോദന സന്ദേശം നൽകി.

ത്രിതല പഞ്ചായത്ത്, മുൻസിപ്പൽ, കോർപ്പറേഷനിൽ വിജയിച്ച കെ എൽ എം മെമ്പർമാരെ വികാരി ജനറൽ പൊന്നാട അണിയിച്ച് ആദരിച്ചു. കെ എൽ എം മെമ്പർമാരുടെ മക്കളിൽ എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെയും, ഉന്നത വിദ്യാഭ്യാസ മേഖലയിൽ റാങ്ക് കരസ്ഥമാക്കിയവരെയും വികാരി ജനറൽ മെമെന്റോ നൽകി ആദരിച്ചു.

അതിരൂപത വനിതാ ഫോറം പ്രസിഡണ്ട് ശ്രീമതി ബേബി ഡേവിസ്, മേഖല സെക്രട്ടറി ജോൺ മാത്യു, ഫൊറോന പ്രസിഡണ്ട് വർഗീസ് മാസ്റ്റർ, നെല്ലിക്കുന്ന് പള്ളി ട്രസ്റ്റി ഇ ഡി വിൽസൺ, ഏകോപന സമിതി കൺവീനർ പ്രിൻസ് പുതുശ്ശേരി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

അതിരൂപത വൈസ് പ്രസിഡണ്ട് റോബസ് പറപ്പുള്ളി യോഗത്തിന് സ്വാഗതവും, നെല്ലിക്കുന്ന് യൂണിറ്റ് പ്രസിഡണ്ട് വിൻസൺ എം പി നന്ദിയും പറഞ്ഞു

**ഫാ. പോൾ മാളിയമ്മാവ്,** അതിരൂപത ഡയറക്ടർ

**മോളി ജോബി,** അതിരൂപത പ്രസിഡന്റ്

# പാസ്റ്ററൽ കൗൺസിൽ

അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം 2026 സെപ്തംബർ 12ന് രാവിലെ 10 മണി മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെടുന്നു.

**പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ ഒമ്പതാം യോഗറിപ്പോർട്ട്**

19-ാം പാസ്റ്ററൽ കൗൺസിലിന്റെ ഒമ്പതാം യോഗം 2026 ജൂൺ 13 ശനിയാഴ്ച അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റീത്ത നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി.

ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ യോഗനടപടികൾ വിശദീകരിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗത്തിൽ അധ്യക്ഷനായിരുന്നു.

തുടർന്ന്, 'ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ സമുദായത്തിൽ എപ്രകാരം ലഭ്യമാക്കാം' എന്ന വിഷയത്തെ അധികരിച്ച് ഡോ. മേരി റെജീന ക്ലാസ്സ് നയിച്ചു. ന്യൂനപക്ഷങ്ങൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളെ കുറിച്ച് - ലോണുകൾ, സ്കോളർഷിപ്പുകൾ, സബ്സിഡികൾ - വിശദമായിതന്നെ പ്രതിപാദിച്ചു. ഈ വിഷയത്തിൽ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ തയ്യാറാക്കിയ കൈപുസ്തകം പരിചയപ്പെടുത്തി. ഇ. ഡബ്ല്യു. എസ്. നെ സംബന്ധിച്ച് നമുക്കുള്ള അറിവ് പരിമിതമാണെന്നും ഇക്കാര്യത്തിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ. നൽകുന്ന സഹായങ്ങളെ കുറിച്ച് നാം ബോധവാന്മാരാകണമെന്നും അവതാരക എടുത്തു പറഞ്ഞു. ശ്രീമതി അനി ജോർജ്ജ് ലിയോൺസ് വിഷയാവതരണം നടത്തിയ ഡോ. മേരി റെജീനക്ക് പ്രത്യേകം നന്ദി പറഞ്ഞു.

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ടോണി പിതാവിന് ആശംസകൾ നേർന്നു പൊന്നാടയണിയിച്ചു.

മാർപ്പാപ്പയുടെ പ്രത്യേക പദവി ലഭിച്ച പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ ഫാ. തോമസ് കാക്കശ്ശേരി, ഫാ. ജോസ് വല്ലൂരാൻ എന്നിവരെയും ദാമ-ഷെവലിയർ പദവികൾ ലഭിച്ച ഡോ. മേരി

റെജീന, ഡോ. കെ. എം. ഫ്രാൻസിസ്, അഡ്വ. ബിജു കുണ്ടുകുളം, ശ്രീ. ഡേവിസ് എടക്കളത്തൂർ, അതിരൂപത അവാർഡിനർഹരായ ബ്ര. ജോസ് ചുങ്കത്ത് എം. എം. ബി., ശ്രീ. സാന്റി അബ്രാഹം എന്നിവരെയും പൊന്നാടയണിയിച്ച് യോഗം ആദരിച്ചു. കേരള കാർഷികസർവ്വകലാശാല രജിസ്ട്രാർ ആയി നിയമിതയായ ഡോ. മേരി റെജീന, ഗവൺമെന്റ് മെഡിക്കൽ കോളേജ് സൂപ്രണ്ട് ആയി നിയമനിതനായ ഡോ. ലിജോ കൊള്ളന്നൂർ എന്നിവരെ യോഗം പ്രത്യേകം അഭിനന്ദിച്ചു. അവർക്ക് അഭിനന്ദനങ്ങൾ നേർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ സംസാരിച്ചു.

തുടർന്ന് നടന്ന ചർച്ചകൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് നേതൃത്വം നൽകി. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാം എന്നതിനുള്ള നിർദ്ദേശങ്ങൾ അംഗങ്ങൾ പങ്കുവച്ചു. ഇക്കാര്യത്തിൽ ഇടവക വൈദികരുടെ പങ്കാളിത്തവും പ്രത്യേകം പരാമർശിക്കപ്പെട്ടു. പഴുവിൽ ഫൊറോനയിൽ പാരിഷ് ഫെസിലിറ്റേഷൻ സെന്ററിൽ സഹായിക്കുന്നവർക്ക് പ്രത്യേകം ട്രെയിനിംഗ് നൽകുന്നതായി അറിയിച്ചു. അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ ജാതി എഴുതുന്നിടത്ത് സീറോമലബാർ സിറിയൻ കാത്തലിക് എന്നു എഴുതണമെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും അംഗങ്ങളെ ഓർമ്മപ്പെടുത്തി. ന്യൂനപക്ഷ കാര്യങ്ങൾക്കായി പഞ്ചായത്ത്തലത്തിൽ പ്രൊമോട്ടേഴ്സിനെ വയ്ക്കുന്നത് ഉചിതമാണെന്ന ആശയം ഉയർന്നു വന്നു. സി. ബി. എസ്. ഇ. സിലബസിൽ ജാതി എഴുതുന്നതിനുള്ള ഓപ്ഷൻ ഇല്ല എന്ന കാര്യവും അംഗങ്ങൾ സൂചിപ്പിച്ചു. പാരിഷ് ഫെസിലിറ്റേഷൻ സെന്ററിൽ റേഷൻ കാർഡ് മസ്റ്ററിംഗ് ഒഴികെ മറ്റെല്ലാ കാര്യങ്ങളും നടത്താനാകുമെന്നും പറഞ്ഞു. തെരട്ട് സമർപ്പിക്കുമ്പോൾ ഇടവകതല പി. എഫ്. സി. പ്രവർത്തനങ്ങൾക്കൂടെ വിലയിരുത്തുന്നത് നല്ലതാണെന്ന അഭിപ്രായവും ഉണ്ടായി.

തുടർന്ന് ഫൊറോനതല ചർച്ചകളുടെ റിപ്പോർട്ടുകൾ പാലയൂർ ഫൊറോന കൗൺസിൽ സെക്രട്ടറി ശ്രീ. ലാസർ പി. ഐ., പറപ്പൂർ ഫൊറോന കൗൺസിൽ സെക്രട്ടറി അഡ്വ. ജോമി ജോസഫ്, ഒല്ലൂർ ഫൊറോന കൗൺസിൽ സെക്രട്ടറി ശ്രീ. ഇ. ജെ. ആന്റണി എന്നിവർ അവതരിപ്പിച്ചു. മോൺ. ജെയ്സൺ കൂനംപ്ലാക്കൽ നൽകിയ അറിയിപ്പുകളെ തുടർന്ന് ശൂന്യവേളയായിരുന്നു. യുവാക്കൾക്കായി ഒരു സെന്റർ വേണമെന്ന നിർദ്ദേശമുണ്ടായി. അതിരൂപതാതല പരിപാടികൾ ഇടവക ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നത്, മാനേജ്മെന്റ് ക്വാട്ടയിലുള്ള വിദ്യാർത്ഥികളുടെ പ്രവേശനം, പുലിയന്നൂർ സ്കൂളിന്റെ പേരു സംബന്ധിച്ച്, നഴ്സുമാരുടെ സമരം, സിസ്റ്റേഴ്സിന് ക്ഷേമപെൻഷൻ ലഭിച്ചത്, തിരുനാൾ കമ്മറ്റികളിലെ കുടുംബ

കൂട്ടായ്മ ഭാരവാഹികളുടെ പങ്കാളിത്തം എന്നിവ ഉന്നയിക്കപ്പെട്ടു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ശൂന്യവേളയിലെ ചോദ്യങ്ങൾക്ക് മറുപടി നൽകി. അതിരൂപതയ്ക്കും അതിരൂപ താധ്യക്ഷനുമെതിരെയുള്ള അധിക്ഷേപങ്ങളെ അപല പിച്ചുകൊണ്ടുള്ള പ്രമേയം ശ്രീ. ജോഷി വടക്കൻ അവതരിപ്പിക്കുകയും യോഗത്തിന് നന്ദി പറയുകയും ചെയ്തു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സമാപനാശീർവാദത്തോടെ യോഗം ഉച്ചക്ക് 1:30ന് സമാപിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**

ചാൻസലർ & ജനറൽ സെക്രട്ടറി



പരിശുദ്ധ
കന്യാമറിയത്തിന്റെ
ജനന തിരുനാൾ
**സെപ്റ്റംബർ 8**



കുരിശിന്റെ
പുകഴ്ച്ചയുടെ
തിരുനാൾ
**സെപ്റ്റംബർ 14**



വ്യാകുല മാതാവ്
**സെപ്റ്റംബർ 15**





അതിരൂപതാതല സമർപ്പിത ജൂബിലി

18-07-2026

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2026
**September - 2026**

# പാവന സ്മരണയിൽ



ഒന്നാം
ചരമവാർഷികം
സെപ്റ്റംബർ 17

അഭിവന്ദ്യ
**മാർ ജേക്കബ് തൂങ്കുഴി**

**13.12.1930 - 17.09.2025**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor